# പ്രതീക്ഷയുടെ പൂമൊട്ടുകൾ

വാല്യം 33 ലക്കം കൈത്താ ജൂൺ 2015 വാർഷിക വരിസംഖ്യ ₹ 100



പ്രോസാങ്ടിറ്റി പബ്ലിക്കേഷൻസ്




# പിതൃമൊഴി

**ദൈവദാസൻ ബിഷപ് വില്യം ജക്വീന്താ**

- ദൈവത്തിൽ നിന്നും മനുഷ്യനിലേക്കു പ്രവഹിക്കുന്ന യഥാർത്ഥവും എന്നാൽ കാണപ്പെടാത്തതുമായ ഒരു ശക്തിയാണ് ദൈവകൃപയുടെ ശക്തി.
- പ്രേഷിത പ്രവർത്തനത്തിന്റെ യഥാർത്ഥ ഫലദായകത്വം അടങ്ങിയിരിക്കുന്നത് പ്രാർത്ഥനയുടെ തീവ്രതയിലാണ്.
- ദൈവത്തെയും സഹോദരങ്ങളെയും പരമാവധിസ്നേഹിക്കുക എന്നതാണ് ആദ്ധ്യാത്മിക സാഹോദര്യം.
- മാവിനെ പുളിപ്പിക്കുന്ന പുളിമാവായും രുചി പകരുന്ന ഉപ്പായും തീരുമ്പോഴാണ് പുതുജീവിതത്തിന്റെ ഫലങ്ങൾ പുറപ്പെടുവിക്കുന്ന വിശുദ്ധിയുടെയും സാഹോദര്യത്തിന്റെയും വിത്തുകളാകാൻ നമുക്കു സാധിക്കുക.
- സഹോദരന്റെ നേർക്കുള്ള സ്നേഹബന്ധത്തിന്റെ അടിസ്ഥാനമാണ് എളിമ എന്ന പുണ്യം.
- സാഹോദര്യ സ്നേഹം സൗമ്യതയുടെ അരൂപിയിലാണു പുഷ്പിക്കുക.
- ദൈവത്തിന്റെ സൃഷ്ടിയായ ഓരോ മനുഷ്യനിലും നന്മയുണ്ട്. അത് തേച്ചുരച്ച് മിനുസപ്പെടുത്തി എടുക്കുന്നതാണ് പ്രേഷിതത്വം.
- പ്രേഷിത പ്രവർത്തനത്തിന്റെ യഥാർത്ഥഫലദായകത്വം അടങ്ങിയിരിക്കുന്നത് പ്രാർത്ഥനയുടെ തീവ്രതയിലാണ്.
- എന്റെ ജീവിതം ഒരു അവകാശപ്പെടലാകാതെ ഒരു കൊടുക്കലായിരിക്കട്ടെ. യാതൊരു വ്യവസ്ഥയുമില്ലാത്ത കൊടുക്കൽ.
- റിസ്ക് എന്നത് പിതാവിന്റെയും മനുഷ്യവംശത്തിന്റെയും നേർക്കുള്ള ഈശോയുടെ വ്യവസ്ഥയില്ലാത്ത സ്നേഹത്തിലുള്ള ഭാഗഭാഗിത്വമാണ്.
- എളിമയുള്ള വ്യക്തി ലാളിത്യമുള്ളവനും നേർ ചിന്താഗതിക്കാരനും ദൈവത്തിൽ ആശ്രയിക്കുന്നവനും തന്നിൽ നിന്നുതന്നെ സ്വതന്ത്രനും ആയിരിക്കും.
- എളിമ സമാധാനത്തിനുള്ള വ്യവസ്ഥയാണ്. എളിമയുള്ള വ്യക്തി ശാന്തതയുള്ളവനും സഹാനുഭൂതിയുള്ളവനും വിധേയത്വ മനഃസ്ഥിതി ഉള്ളവനുമായിരിക്കും.


# പ്രതീക്ഷയുടെ പൂമൊട്ടുകൾ

വാല്യം 33 കൈത്താ ലക്കം ജൂൺ 2015

"ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം" (1 തെസ 4,3)


രക്ഷാധികാരി:
**ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**

**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ:
**മല്പാൻ റവ. ഡോ. മാത്യു വെള്ളാനിക്കൽ**

മാനേജിംഗ് എഡിറ്റർ:
**അന്നമ്മ കുളത്തൂപുരയിടം എ.ഒ.**

എക്സിക്യൂട്ടീവ് എഡിറ്റർ:
**ഷിനി തെരേസ് എ.ഒ.**

പത്രാധിപസമിതി:
**റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**
**അനു കുരിശുംമൂട്ടിൽ എ.ഒ.**
**ജിസ കൂട്ടിയാനിക്കൽ എ.ഒ.**

അഡ്വൈസറി ബോർഡ്:
**റവ. ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ**
**റവ. ഫാ. ജോസഫ് പുത്തൻപറമ്പിൽ**
**വിൽസൺ ജോർജ് അറയ്ക്കൽ** M.A. Mphil

സർക്കുലേഷൻ മാനേജേഴ്സ്:
**സ്റ്റെഫി മംഗലത്തുകുന്നേൽ എ.ഒ.**
**മിസ്റ്റർ കുര്യൻ മാത്യു ഇല്ലിക്കൽ**
**മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ**

ഫിനാൻസ് മാനേജർ:
**ഷീലമ്മ പൂതക്കുഴി എ.ഒ.**

കവർ ഡിസൈനിംഗ് & ലേഔട്ട്
**ഡോളി കണ്ടച്ചാലിൽ എ.ഒ.**



**വാർഷിക വരിസംഖ്യ -100/-**

പ്രിന്റിംഗ്:
**വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം. Tel: 2570862**
Email: wigipress@gmail.com



**പ്രോസാങ്ടിറ്റി പബ്ളിക്കേഷൻസ്**
**സ്പിരിച്ചാലിറ്റി സെന്റർ**
**മാങ്ങാനം പി. ഒ.**
**കോട്ടയം 686 018**
**ഫോൺ: 0481-2578192,2309774**
**Email: psmktm@gmail.com**


## ഉള്ളടക്കം


- ഫലങ്ങളിൽ വിഷം കുത്തിവയ്ക്കരുത് 03
- ക്രിസ്തീയജീവിതം: സഭയോടൊത്തുള്ള ജീവിതം 05
- ഇസഹാക്കിന്റെയും. റബേക്കയുടെയും കുടുംബം: 08
- നമുക്കും പുഞ്ചിരിക്കാം 10
- നീയും സെൽഫിയോ? 12
- ദൈവമേ, എനിക്ക് ചെരിപ്പ് വേണ്ട 14
- വിശുദ്ധിയുടെ മുത്തുകൾക്ക് 16-17
- Something to Rejoice 18
- സമർപ്പിതവർഷം 20
- ആധുനികലോകത്തിലെ ചതിക്കുഴികൾ 21
- ക്ഷമിക്കപ്പെടാത്ത പാപമോ? 23
- വിശുദ്ധരോടൊപ്പം 24
- പരി. കന്യകാമറിയം സ്വർഗപ്രഭയിൽ 27
- മടക്കയാത്ര 28
- സെനക്കിൾ തരംഗം 29
- വിചാരണ 30
- അമ്മയോടൊപ്പം അനുഗ്രഹവഴിയേ 32

# നന്മയുടെ ഫലം പുറപ്പെടുവിക്കുക

തിരുസ്സഭയുടെ വളർച്ചയെക്കുറിച്ചു ധ്യാനിക്കാനാഹ്വാനവുമായി വീണ്ടുമൊരു കൈത്താക്കാലംകൂടി ആഗതമായിരിക്കുകയാണ്. ശ്ലീഹന്മാരാൽ ലോകമെമ്പാടും വിതയ്ക്കപ്പെട്ട വചനമാകുന്ന വിത്ത് മുളച്ചുപൊങ്ങി കതിർചൂടി വിളവെടുപ്പിനു കാലമായെന്നോർമ്മിപ്പിക്കുന്ന കാലം. മിശിഹായാകുന്ന തായ്ത്തണ്ടിനോടു ചേർന്നുനിന്ന മുന്തിരിവള്ളികൾ ഫലങ്ങളാൽ നിറയുന്ന കാലം.

മിശിഹായുടെ ശരീരമാകുന്ന സഭയുടെ ഫലാഗമകാലത്തെക്കുറിച്ചു ചിന്തിക്കുമ്പോൾ, സഭയാകുന്ന മിശിഹായുടെ ശരീരത്തിലെ അവയവങ്ങളായ ഓരോ വിശ്വാസിയുടെയും ജീവിതഫലങ്ങളെക്കുറിച്ചും വിലയിരുത്തേണ്ടതുണ്ട്. ശ്ലീഹന്മാരിൽ അടിസ്ഥാനമിട്ട സഭയോടു ചേർന്നുനിന്നുവേണം നാം ഫലങ്ങൾ പുറപ്പെടുവിക്കാൻ. ദൈവത്തിന്റെ പ്രിയജനമായ സഭാകൂട്ടായ്മയ്ക്ക് അനുയോജ്യമായ ഫലങ്ങൾവേണം നാം പുറപ്പെടുവിക്കാൻ. അമ്മയായ സഭ പരിശുദ്ധ കുർബാനയിലൂടെയും മറ്റു കൂദാശകളിലൂടെയും നമുക്കു നല്കുന്ന ജീവരസം നുകർന്നാണ് നാം വളരേണ്ടതും ഫലം പുറപ്പെടുവിക്കേണ്ടതും. സഭയുടെ വചനശുശ്രൂഷകളും പ്രാർത്ഥനാലാപങ്ങളും കൂട്ടായ്മാനുഭവങ്ങളും നമ്മുടെ ആത്മീയജീവിതത്തിനു ശക്തി പകരട്ടെ.

തിരുസ്സഭയുടെ ആദ്യഫലവും ഒപ്പം അമ്മയുമായ പരി. കന്യകാമറിയത്തിന്റെ സ്വർഗപ്രവേശവും ഈ കൈത്താക്കാലത്ത് നാം അനുസ്മരിക്കുന്നു. എന്നും നിലനില്ക്കുന്ന നന്മയുടെ ഫലങ്ങൾ പുറപ്പെടുവിക്കുന്നതിനു മാതാവിന്റെ ജീവിതം നമുക്കു മാതൃകയാകണം. ഫലമേകാത്ത അത്തിമരത്തിനു ചുവടുകിളച്ചു വളമിടാൻ അനുവാദം കൊടുത്ത കൃഷിക്കാരനായ ദൈവത്തിന്റെ കരുണയ്ക്കു മുമ്പിൽ ഫലമേകാത്ത നമ്മുടെ കഴിഞ്ഞ കാലചെയ്തികളെ ഉപേക്ഷിക്കാം. പുണ്യങ്ങളാൽ നിറഞ്ഞ ജീവിതം നയിക്കുന്നതിന് പരി. അമ്മയുടെ മാധ്യസ്ഥ്യം തേടുകയും ചെയ്യാം. സ്വാതന്ത്ര്യദിനാഘോഷത്തിന്റെ പ്രഭയിലായിരിക്കുന്ന ഭാരതാംബയ്ക്കുവേണ്ടിയും പ്രാർത്ഥനകൾ ഉയർത്താം. ഏവർക്കും സ്വർഗാരോപണതിരുനാളിന്റെയും സ്വാതന്ത്ര്യദിനത്തിന്റെയും ആശംസകൾ!

**ചീഫ് എഡിറ്റർ**





# ഫലങ്ങളിൽ വിഷം കുത്തിവയ്ക്കരുത്

**അനു കുരിശുമൂട്ടിൽ**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

നാട്ടുമാമ്പഴത്തിന്റെ രുചിയും മണവും മലയാളിയുടെ മനസ്സിൽ പച്ചകെടാതെ നിൽപ്പുണ്ട്... നുണഞ്ഞിറക്കുന്ന അതിന്റെ ജീവരസം കടുത്തവേനലിൽ കുളിരു പകരുന്ന ഓർമ്മയായി... അടുത്തയിടെ വന്ന പത്രവാർത്തയിൽ വിഷമാമ്പഴത്തെക്കുറിച്ച് വായിക്കാനിടയായി. മനുഷ്യജീവിതത്തിന് അത്യന്താപേക്ഷിതമായ ഭക്ഷ്യവസ്തുക്കളിൽ മനുഷ്യൻ തന്നെ കുത്തിവയ്ക്കുന്ന വിഷം. ജീവനെ പുഷ്ടിപ്പെടുത്തേണ്ട ഫലങ്ങൾ മനുഷ്യജീവന്റെ സംഹാരകാരണമാകുന്നു... വിശ്വാസികളുടെ ജീവിതത്തെയും സാക്ഷ്യത്തെയും ഇതുമായി താരതമ്യപ്പെടുത്താമെന്ന് കരുതുന്നു. ഇത് ഫലാഗമകാലം... വിശ്വാസികളുടെ

സമൂഹം സ്വീകരിക്കേണ്ട ജീവരസത്തെയും അവർ പുറപ്പെടുവിക്കേണ്ട ഫലങ്ങളെയും കുറിച്ച് ധ്യാനമനനങ്ങളിലൂടെ ജീവിതപരിവർത്തനത്തിലേക്ക് കടന്നുവരേണ്ട സമയം. മിശിഹാ അനുയായികൾ സ്വന്തമാക്കേണ്ടതും സ്വാംശീകരിക്കേണ്ടതും മിശിഹായെത്തന്നെയാണ്. വി. പൗലോസ് ശ്ലീഹാ പറഞ്ഞതുപോലെ "ഞാനല്ല മിശിഹാ എന്നിൽ ജീവിക്കുന്നു'. കാരണം അവന്റെ തിരുരക്തത്താൽ രക്ഷിക്കപ്പെട്ടവരും നവീകരിക്കപ്പെട്ടവരുമാണ് നാം. അവന്റെ തിരുശരീരരക്തങ്ങൾ നമ്മുടെ ശരീരത്തിലൂടെയും സിരകളിലൂടെയും ഒഴുകുമ്പോൾ അവിടുത്തേക്ക് ചേർന്ന ഫലങ്ങൾ പുറപ്പെടുവിക്കാൻ നമുക്ക് കടമയുണ്ട്; അതിനാണ് നാം വിളിക്കപ്പെട്ടിരിക്കുന്നതും.

ഇത്തരുണത്തിൽ മിശിഹായിൽ നവമായി തങ്ങളുടെ ദൃഷ്ടികൾ പതിക്കാനും അവിടുത്തെ മാതൃകയെ സ്വന്തമാക്കാനും ചില തിരിച്ചറിവുകൾ, തിരുത്തലുകൾ, തിരിഞ്ഞുനടക്കൽ നമ്മോട് സഭാമാതാവ് ആവശ്യപ്പെടുകയാണ്. സ്വാർത്ഥതയിലേക്ക് കൂപ്പുകുത്തിയ മനുഷ്യന് തലയുയർത്തി അപരന്റെ കണ്ണീർ തുടയ്ക്കാനാവുന്നില്ല. ചെറിയ കുറവുകളെപ്പോലും ക്ഷമിക്കാനോ സഹോദരങ്ങളെ സ്വീകരിക്കാനോ സാധിക്കുന്നില്ല; മാമ്മോദീസായിലൂടെ ദൈവമക്കളായി നാം ഉയർത്തപ്പെട്ടെങ്കിൽ, ഏതു ജീവിതാവസ്ഥയിലുമാകട്ടെ, നമ്മുടെ ജീവിതം അപരനുവേണ്ടിയുള്ളതാണ്. മനുഷ്യരാൽ ഭക്ഷിക്കപ്പെടാൻ, ജീവനുള്ളവരാകാൻ, രക്ഷിക്കപ്പെട്ടവരാകാൻ ദൈവപിതാവ് ലോകത്തിനു നല്കിയ ജീവഫലമാണ് ഈശോ... ഈശോയെപ്പോലെ സ്നേഹത്തിന്റെ, ത്യാഗത്തിന്റെ, എളിമയുടെ, ക്ഷമയുടെ, സ്വയംദാനത്തിന്റെ ഫലങ്ങൾ പുറപ്പെടുവിച്ച് ലോകത്തിനു മുമ്പിൽ ഇരുട്ടിനെ അകറ്റുന്ന ദീപമായി നാം മാറണം.

ഇങ്ങനെ ദീപങ്ങളായി പ്രശോഭിപ്പിക്കുന്ന വിശുദ്ധരെ ഫലാഗമകാലത്തിൽ സഭ എടുത്തുകാണിക്കുന്നുണ്ട്; ലോകത്തിന്റെ നാലുകോണിലും അവർ പ്രഭ വിതറിനിൽക്കുന്നു. ഈ വിശുദ്ധാത്മാക്കളെ കീർത്തിച്ച് മാർ അപ്രേം പറയുന്നു: "വിശുദ്ധരെക്കൊണ്ട് കിഴക്ക് പ്രഭാപൂരമായി; അവരെക്കൊണ്ട് പടിഞ്ഞാറ് ശോഭാമയമായി. അവരാൽ വടക്ക് ഉയർത്തപ്പെട്ടിരിക്കുന്നു. അവരിൽനിന്ന് തെക്ക് പഠിച്ചിരിക്കുന്നു"(പറുദീസാഗീതങ്ങൾ 6, 22).


വിഷലിപ്തമായ ഈ ലോക പ്രവണതകളിൽനിന്നും ഈ വിശുദ്ധരെപ്പോലെ വിവേകത്തോടെ, വിശുദ്ധിയോടെ അകലുവാനും ഈശോ അരുൾചെയ്ത സുവിശേഷത്തിന്റെ പാത തിരെഞ്ഞടുക്കുവാനും ശക്തിയേറിയ പ്രലോഭനങ്ങളെ നാം നേരിടേണ്ടതുണ്ട്. ഇവിടെ നമ്മുടെ ഉറപ്പും ശക്തികേന്ദ്രവും ദൈവത്തിന്റെ കരുണയാണ്. ഇതിനെ മാർ അപ്രേം വിശദീകരിക്കുന്നത് ഇപ്രകാരമാണ്: "പ്രലോഭനാവസരങ്ങളിൽ ദൈവത്തിന്റെ വാഗ്ദാനങ്ങളാൽ നിങ്ങളെത്തന്നെ സാന്ത്വനപ്പെടുത്തുവിൻ. കാരണം എല്ലാവർക്കും പ്രതിഫലം നൽകുന്നവന്റെ വാക്കിൽ വഞ്ചനയില്ല. തന്റെ വാഗ്ദാനങ്ങളെ സംശയിക്കാൻ അവിടുത്തെ കലവറ ദരിദ്രമല്ല. നാം തന്നിൽ വിശ്വസിക്കാൻ അവിടുന്ന് തന്റെ സ്വന്തം പുത്രനെത്തന്നെ നമുക്ക് അടിയറ വച്ചു. അവന്റെ ശരീരം നമ്മോടുകൂടെ; അവന്റെ ഉറപ്പ് നമ്മോടുകൂടെ" (പറുദീസാഗീതങ്ങൾ 7,1).

നാമാകുന്ന ഫലങ്ങൾ ജീവനെ പടുത്തുയർത്തുന്നതാകട്ടെ... സഹോദരങ്ങളെ ഉണർത്തുന്നതാകട്ടെ. അതിനായി നമ്മുടെ ജീവിതം കർത്താവിന്റെ അൾത്താരയ്ക്കു മുമ്പിൽ പുനഃസമർപ്പിച്ച് ശുദ്ധീകരിക്കപ്പെടാനായി നമ്മെ വിട്ടുകൊടുക്കാം.





സെനക്കിൾ ആദ്ധ്യാത്മികത - 28



# ക്രിസ്തീയജീവിതം: സഭയോടൊത്തുള്ള ജീവിതം

മല്പാൻ ഫാദർ മാത്യു വെള്ളാനിക്കൽ

ക്രിസ്തീയജീവിതം അവശ്യം സഭാത്മകമാണ്; ഒറ്റപ്പെട്ടതോ വ്യക്തിഗതമോ ആയ ജീവിതമല്ല. മിശിഹാശിഷ്യത്വമാണല്ലോ ക്രിസ്തീയജീവിതത്തിന്റെ അടിസ്ഥാനം. മിശിഹാശിഷ്യത്വത്തിലേക്കു നാം പ്രവേശിക്കുന്നത് മാമ്മോദീസായിലൂടെയാണ്: "ആകയാൽ, നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്കു ജ്ഞാനസ്നാനം നല്കുവിൻ" (മത്താ 28,19-20).

മാമ്മോദീസായിലൂടെ മിശിഹാശിഷ്യത്വത്തിലേക്കു പ്രവേശിച്ചവരുടെ സമൂഹമാണ് സഭ. സെനക്കിളിൽ ഒരുമിച്ചുചേർന്ന ആദിമസഭാസമൂഹത്തിന്റെ അടിസ്ഥാന സ്വഭാവമെന്താണെന്ന് നട 1,15-26 ൽ കാണുന്ന വിവരണത്തിൽനിന്നു നമുക്കു മനസ്സിലാക്കാം.

### സഭയോടൊത്തു മിശിഹായിൽ വിശ്വസിക്കുന്ന ജീവിതം

മിശിഹായിൽ വിശ്വസിക്കുന്നവരുടെ സമൂഹമാണ് സഭ. അതുകൊണ്ടാണ് 'വിശ്വാസികളുടെ സമൂഹം' എന്ന് സഭയ്ക്കു പേരുണ്ടായത് (നട 4,32). മാമ്മോദീസായിലൂടെ ഈ വിശ്വാസികളുടെ സമൂഹത്തിലേക്കു പ്രവേശിച്ചുകൊണ്ടാണ് നാം ക്രൈസ്തവജീവിതം ആരംഭിക്കുന്നത്. ക്രൈസ്തവവിശ്വാസം നമ്മുടെ സ്വന്തമല്ല; ആരുടെയും വ്യക്തിപരമായ സ്വകാര്യസ്വത്തുമല്ല. മിശിഹായിലുള്ള വിശ്വാസം സഭയുടേതാണ്. സഭയുടെ വിശ്വാസത്തിന് ആധികാരികത നല്കുന്നത് അതിന്റെ ശ്ലൈഹികതയാണ്. കാരണം ഈശോ തന്റെ ശ്ലീഹന്മാരായി തിരഞ്ഞെടുത്ത പന്ത്രണ്ടു പേരാണ് (ലൂക്കാ 6,12-13) ഈശോയെ അടുത്തറിയുകയും അനുഭവിക്കുകയും ചെയ്തത്. അവരിലൂടെ കൈമാറപ്പെട്ടു കിട്ടിയ വിശ്വാസമാണ് സഭയുടെ വിശ്വാസം. അതുകൊണ്ടുതന്നെയാവണം സഭയുടെ ചരിത്രം വിവരിക്കുന്ന നടപടി പുസ്തകത്തിൽ പന്ത്രണ്ടു ശ്ലീഹന്മാരുടെ എണ്ണം ഉറപ്പാക്കുന്ന സംഭവംതന്നെ ആദ്യം നല്കിയിരിക്കുന്നത് (നട 1,15-26). അതുകൊണ്ട് മിശിഹായിലുള്ള സഭയുടെ വിശ്വാസം സ്വാംശീകരിച്ചു ജീവിക്കുന്നതാണ് യഥാർത്ഥ ക്രൈസ്തവജീവിതം.

### സഭയുടെ ശ്ലൈഹികനേതൃത്വത്തോടു വിധേയത്വമുള്ള ജീവിതം

നടപടിപുസ്തകത്തിൽ പന്തക്കുസ്താനുഭവത്തിനുവേണ്ടി സഭാസമൂഹം ഒരുങ്ങുന്നത് പന്ത്രണ്ടു ശ്ലീഹന്മാരുടെ സംഖ്യ പൂർണ്ണമാക്കിക്കൊണ്ടാണ്. പത്രോസ്ശ്ലീഹായാണ് അതിനു നേതൃത്വം നല്കുന്നത് (നട 1,15). അതിനു തൊട്ടുമുമ്പ് സഭാസമൂഹത്തെ അവതരിപ്പിക്കുന്നതും പന്ത്രണ്ടു ശ്ലീഹന്മാരിൽപ്പെട്ടവരുടെ പേരുകൾ എടുത്തുപറഞ്ഞുകൊണ്ടാണ്. അവിടെയും ആദ്യം പറയുന്നത് സുവിശേഷങ്ങളിലെന്നപോലെ പത്രോസ്ശ്ലീഹായുടെ പേരാണ് (നട 1,13). സഭയുടെ അടിസ്ഥാനമായിത്തീരേണ്ട പന്ത്രണ്ടു ശ്ലീഹന്മാരുടെയും (എഫേ 2,20) അവർക്കു നേതൃത്വം നല്കുന്ന പത്രോസ്ശ്ലീഹായുടെയും പ്രാധാന്യമാണ് ഇവയെല്ലാം വ്യക്തമാക്കുന്നത്. പത്രോസിന്റെ നേതൃത്വത്തിൽ സമ്മേളിച്ച ആദ്യ ക്രൈസ്തവസമൂഹത്തെ 'നൂറ്റിയിരുപതോളം സഹോദരർ' എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്. ഒരുപക്ഷേ, പന്ത്രണ്ടു ശ്ലീഹന്മാരുടെ അടിസ്ഥാനത്തിലാണ് സഭ പണിയപ്പെടുന്നത് എന്ന് ഇതു സൂചിപ്പിക്കുന്നുണ്ടാവാം. യൂദാസിന്റെ അഭാവത്തിൽ നഷ്ടപ്പെട്ടുപോയ പന്ത്രണ്ടിന്റെ കുറവു പരിഹരിക്കുക എന്നത് സഭയുടെ അടിസ്ഥാനപരമായ, ദൈവനിശ്ചയപ്രകാരമുള്ള, ഒരു ആവശ്യകതയാണ് എന്ന് ഇതു സൂചിപ്പിക്കുന്നു. ദൈവം ആരെ തിരഞ്ഞെടുത്തിരിക്കുന്നുവെന്നു വ്യക്തമാകാൻവേണ്ടിയാണല്ലോ തിരഞ്ഞെടുപ്പിനു മുമ്പ് ശ്ലീഹന്മാർ പ്രാർത്ഥിക്കുന്നത് (നട 1,25). അതുകൊണ്ട്, പന്ത്രണ്ടു ശ്ലീഹന്മാരുടെ കൂട്ടായ്മയിലുള്ള പത്രോസിന്റെ നേതൃത്വശുശ്രൂഷ അംഗീകരിക്കുന്ന സഭാകൂട്ടായ്മയിലാണ് നാം ക്രൈസ്തവജീവിതം നയിക്കേണ്ടത്.

### സഭാകൂട്ടായ്മയോടു പ്രതിബദ്ധതയുള്ള ജീവിതം

ശ്ലൈഹികകൂട്ടായ്മയിലുള്ള യൂദാസിന്റെ ഭാഗഭാഗിത്വവും, പിന്നീട് യൂദാസിനുണ്ടായ വീഴ്ചകളും എല്ലാം "ദാവീദുവഴി പരിശുദ്ധാത്മാവ് അരുളിച്ചെയ്ത വചനം പൂർത്തിയാകേണ്ടതിനായിരുന്നു" എന്നാണ് പത്രോസ്ശ്ലീഹാ പറയുന്നത് (നട 1,16-18). സങ്കീർത്തനം 69,25ലും 109,8 ലുമൊക്കെ പറഞ്ഞിരിക്കുന്ന കാര്യങ്ങളുടെ പൂർത്തീകരണമായിട്ടാണ് ഈ സംഭവങ്ങളെ പത്രോസ് വ്യാഖ്യാനിക്കുന്നത്. സഭാജീവിതത്തിലുണ്ടാകുന്ന എല്ലാ അനുഭവങ്ങളും ദൈവത്തിന്റെ പദ്ധതിയുടെ വെളിച്ചത്തിൽ വിലയിരുത്തുവാനും മനസ്സിലാക്കുവാനും സ്വീകരിക്കുവാനും കഴിയണമെന്ന് ഇതു വ്യക്തമാക്കുന്നുണ്ട്. അതേസമയം, ദൈവത്തിന്റെ തിരഞ്ഞെടുപ്പു ലഭിച്ചവർ തങ്ങളെ വിളിച്ച ദൈവത്തോടു തുറവിയില്ലാതെ ജീവിച്ചാൽ ഉണ്ടാകാവുന്ന ദുരന്തഫലങ്ങളും യൂദാസിന്റെ അനുഭവം സൂചിപ്പിക്കുന്നുണ്ട്. വിശ്വാസമില്ലായ്മയും (യോഹ 6,64) ദ്രവ്യാഗ്രഹവും (യോഹ 12,6) എല്ലാമാണ് യൂദാസിന്റെ അവിശ്വസ്തതയ്ക്കു കാരണമായതെന്നും സുവിശേഷങ്ങൾ സാക്ഷ്യപ്പെടുത്തുന്നുണ്ട്. അതുകൊണ്ട് ദൈവത്തിന്റെ വിളിയോടും തിരഞ്ഞെടുപ്പിനോടും, തുറവിയോടും വിശ്വസ്തതയോടുംകൂടെ ജീവിക്കുവാൻ യൂദാസിന്റെ അനുഭവം നമുക്കു പ്രചോദനമാകണം. അതേസമയം, യൂദാസിന്റെ വീഴ്ചയുടെ പ്രധാനപ്പെട്ട കാരണം ശ്ലൈഹിക കൂട്ടായ്മയോടുള്ള പ്രതിബദ്ധതയുടെ കുറവാണ് എന്നത് ശ്രദ്ധേയമാണ്. പത്രോസിന്റെ നേതൃത്വത്തിലുള്ള ശ്ലൈഹികകൂട്ടായ്മ ഒറ്റക്കെട്ടായി നിന്നുകൊണ്ട് വിശ്വാസപ്രഖ്യാപനം നടത്തിയപ്പോൾ യൂദാസ് അതിനോടു കൂറു പുലർത്താതെ, ഒറ്റപ്പെട്ട പൈശാചിക നിലപാടു സ്വീകരിച്ചു (യോഹ 6,68-71). അതുകൊണ്ട് ക്രിസ്തീയജീവിതത്തിന്റെ പ്രധാനപ്പെട്ട ഒരു സവിശേഷതയാണ് സഭാകൂട്ടായ്മയോടുള്ള പ്രതിബദ്ധത.

### സഭയുടെ മിശിഹാനുഭവത്തിൽ അധിഷ്ഠിതമായ ജീവിതം

യൂദാസിന്റെ സ്ഥാനത്ത് ശ്ലൈഹികശുശ്രൂഷയ്ക്കായി തിരഞ്ഞെടുക്കുവാൻ യോഗ്യതയുള്ളവരായി നിർദ്ദേശിക്കപ്പെട്ടവർ ബർണബാസും മത്തിയാസുമാണ്. അവരുടെ യോഗ്യതയുടെ മാനദണ്ഡം അവരുടെ ശ്ലൈഹികകൂട്ടായ്മയിലുള്ള മിശിഹാനുഭവമായിരുന്നു: "യോഹന്നാന്റെ സ്നാനം മുതൽ നമ്മിൽനിന്ന് ഉന്നതങ്ങളിലേക്കു സംവഹിക്കപ്പെട്ട നാൾവരെ, ഈശോ നമ്മോടൊപ്പം സഞ്ചരിച്ചിരുന്ന കാലം മുഴുവനും നമ്മുടെ കൂടെയുണ്ടായിരുന്നവരിൽ ഒരുവനായിരിക്കണം അവൻ" (നട 1,22). അവിടുത്തെ പരസ്യജീവിതകാലത്ത് മറ്റു ശ്ലീഹന്മാരോടൊപ്പം ഈശോയെ അനുഭവിച്ചറിഞ്ഞവരിൽ ഒരാളായിരിക്കണം പന്ത്രണ്ടു പേരിൽ ഒരാളാകേണ്ടതെന്നതായിരുന്നു അവരുടെ തീരുമാനം. വെറും വ്യക്തിഗതമായതോ സ്വന്തം അറിവിന്റെയും പഠനത്തിന്റെയും ഫലമായുണ്ടായതോ ആയ മിശിഹാനുഭവമല്ല ശ്ലൈഹികശുശ്രൂഷയ്ക്ക് ഒരാളെ യോഗ്യനാക്കുന്നത്. ക്രൈസ്തവജീവിതത്തിൽ നാം വളരാൻ ശ്രമിക്കേണ്ടതും വെറും വ്യക്തിഗതമായ ഒരു മിശിഹാനുഭവത്തിലല്ല. സഭയുടെ കൂദാശാജീവിതത്തിൽനിന്നും ഉരുത്തിരിയുന്ന മിശിഹാനുഭവത്തിലാണ്.

**കൈത്താക്കാലം**

*"കൈത്താ" എന്ന സുറിയാനിവാക്കിന്റെ അർത്ഥം വേനൽ എന്നാണ്. വേനൽക്കാലത്താണല്ലോ സസ്യവൃക്ഷാദികൾ ഫലം നല്കുന്നത്. ശ്ലീഹന്മാരുടെയും അവരുടെ പിൻഗാമികളായ സഭാപിതാക്കന്മാരുടെയും മറ്റു രക്തസാക്ഷികളുടെയും പ്രേഷിതപ്രവർത്തനവും മിശിഹാസാക്ഷ്യവും വഴിയായി ലോകത്തിന്റെ നാനാഭാഗങ്ങളിലേക്ക് സഭ പടർന്ന് വ്യാപിക്കുകയും പന്തലിച്ചു വളർന്ന് യഥാർത്ഥ ഫലങ്ങളായ അനേകം വിശ്വാസികളെ ലോകത്തിനു പ്രദാനം ചെയ്യുകയും ചെയ്തു. സഭയിലുണ്ടായ ഈ വളർച്ചയുടെ രഹസ്യത്തെ പ്രത്യേകമായി ഈ കാലഘട്ടത്തിൽ അനുസ്മരിക്കുന്നതുകൊണ്ടാണ് ഇതിനെ കൈത്താക്കാലം (ഫലാഗമകാലം) എന്നു വിളിക്കുന്നത്.*



# ഇസഹാക്കിന്റെയും റബേക്കയുടെയും കുടുംബം

**ഡോ. തോമസ് പൂവത്താനിക്കുന്നേൽ**
**റെക്ടർ, മേരിമാതാ മൈനർ സെമിനാരി, കാഞ്ഞിരപ്പള്ളി**

അബ്രാഹത്തിൽനിന്നും വാഗ്ദാനപ്രകാരം ജന്മമെടുത്തവനാണ് ഇസഹാക്ക്. ദൈവിക ഇടപെടലിന്റെ ദൃശ്യരൂപമായി തനിക്കു ലഭിച്ച ഇസഹാക്കിനെ ദൈവകല്പനകൾക്കനുസൃതം അബ്രാഹം ഉയർത്തി, പരിച്ഛേദനം നടത്തി (ഉൽപ. 21,4). വാഗ്ദാനപുത്രന്റെ മുമ്പിൽ മാനുഷിക പദ്ധതിയിൽ കടന്നുവന്ന ഇസ്മയേൽ പുറന്തള്ളപ്പെട്ടു. ദൈവഹിതാനുസാരം ഇസഹാക്ക് ബലിവസ്തുവാക്കപ്പെട്ടു. എന്നാൽ ബലിവേദിയിൽനിന്നു ദൈവത്താൽ വീണ്ടെടുക്കപ്പെടുകയും ചെയ്തു. കുഞ്ഞാടിന്റെ ബലിയാലാണ് ഇസഹാക്ക് രക്ഷിതമായത്.

പ്രായപൂർത്തിയായ ഇസഹാക്കിന് ജീവിതപങ്കാളിയെ കണ്ടെത്തുവാൻ അബ്രാഹം ദൈവത്തിന്റെ ഹിതത്തിന് പരിപൂർണമായും വിധേയപ്പെട്ടു. താൻ പാർക്കുന്നിടത്തെ വിജാതീയ സമൂഹത്തിൽ നിന്ന് ഭാര്യയെ കണ്ടെത്താൻ അബ്രാഹം സമ്മതിക്കുന്നില്ല. താൻ ഉപേക്ഷിച്ചുപോന്ന തന്റെ പഴയ ഇടത്തേക്ക്, ചാർച്ചക്കാരുടെ അടുക്കലേക്ക് ഇസഹാക്കിനെ അയയ്ക്കുവാനും അബ്രാഹം തയ്യാറല്ല. പ്രത്യേകദൂതനെ അയച്ച് സ്വജനതയിൽനിന്ന് ജീവിതപങ്കാളിയെ ഇസഹാക്കിനായി അബ്രാഹം തിരഞ്ഞെടുത്തു. പുരുഷനെന്നോ സ്ത്രീയെന്നോ വ്യത്യാസമില്ലാതെ സ്വന്തം വിശ്വാസത്തിൽപ്പെട്ടവനോ പുറത്തുള്ളവനോ എന്ന പരിഗണനകൂടാതെ വിവേചനമില്ലാതെ കൂട്ടുതേടുകയും കൂടി താമസിക്കുകയും ചെയ്യുന്ന രീതി കൂടുതലാകുകയും അതിനെല്ലാം നിയമസാധുത കല്പിക്കുകയും ചെയ്യുന്ന ഇന്നത്തെ പശ്ചാത്തലത്തിൽ അബ്രാഹം കാട്ടുന്ന നിഷ്ഠ. ഒരുപക്ഷേ തീവ്രവാദ മതമായി ചിത്രീകരിക്കപ്പെട്ടേക്കാം. വ്യക്തിസ്വാതന്ത്ര്യത്തെ ഹനിക്കുന്നതും സങ്കുചിത മനോഭാവവുമായി അതിനെ ബ്രാൻഡ് ചെയ്ത് ഭ്രഷ്ട് കല്പിക്കുന്ന 'മാധ്യമന്യായാധിപന്മാരും' ഉണ്ടായേക്കാം. മൃഗങ്ങളും സസ്യങ്ങളും പോലും നൈസർഗികമായി കൂട്ടുചേരുകയും ഇണചേരുകയും ചെയ്യുന്നതിന് ഒരു നിയത ഭാവമുണ്ട്. പുരോഗമനവാദികളും വ്യക്തിസ്വാതന്ത്ര്യവക്താക്കളും പലപ്പോഴും അത്തരത്തിൽപോലുമുള്ള യുക്തിബോധമോ ധാർമികനിലവാരമോ പുലർത്താൻ കഴിയാത്തവരായി അധഃപതിക്കുന്നു. മകളെ ഇസഹാക്കിനു ഭാര്യയായി നല്കിക്കൊണ്ട് ബത്തുവേൽ പറയുന്നു: "കർത്താവു തിരുവുള്ളമായതുപോലെ അവൾ നിന്റെ യജമാനന്റെ ഭാര്യയായിരിക്കട്ടെ" (24,51). ദൈവഹിതത്തെ തിരിച്ചറിയുവാനും അതിന് വിധേയരാകുവാനും അവർക്കു കഴിയുന്നു. വിവാഹമെന്ന രഹസ്യം അത് ദൈവത്തിന്റെ സൃഷ്ടികൾ ആരംഭിച്ച പദ്ധതിയുടെ ഭാഗമാണ്. മാനുഷിക ജഡപദ്ധതിയല്ല. മാതാപിതാക്കന്മാരിലൂടെയും ദൂതനിലൂടെയും വെളിപ്പെടുത്തപ്പെട്ട തന്റെ ജീവിതപദ്ധതിയെ തിരിച്ചറിയുന്ന റബേക്ക അതിന് സമ്മതമരുളുന്നു. മാതാപിതാക്കന്മാരുടെ തിരഞ്ഞെടുപ്പിന് അന്ധമായി നല്കുന്ന വിധേയത്വമല്ല, അവർ മകളുടെ തീരുമാനത്തെ ചോദിച്ചറിഞ്ഞ് മുദ്രവയ്ക്കുന്ന പദ്ധതിക്കാണ് വിവാഹമെന്ന് ഈ സംഭവങ്ങൾ വ്യക്തമാക്കുന്നു.

ഇസഹാക്കും റബേക്കയും കുടുംബജീവിതമാരംഭിച്ചു. "ഇസഹാക്ക് തന്റെ വന്ധ്യയായ ഭാര്യയ്ക്കുവേണ്ടി കർത്താവിനോടു പ്രാർത്ഥിച്ചു. കർത്താവ് അവന്റെ പ്രാർത്ഥന കേൾക്കുകയും റബേക്കാ ഗർഭിണിയാവുകയും ചെയ്തു" (25,20). കുടുംബത്തിൽ മക്കൾക്ക് ജന്മം നല്കുന്നത് ആരെന്നും എങ്ങനെയായിരിക്കണമെന്നുള്ള പാഠം ഇവിടെ നല്കപ്പെടുന്നു.



**നിന്നെയും വിളിക്കുന്നു.....**

- നിന്റെ സ്നേഹം ആവശ്യമുള്ള ഒരു ലോകത്തിലേക്ക്....
- വിശുദ്ധിയിലേക്ക് നമ്മെ വിളിച്ചിരിക്കുന്ന ദൈവപിതാവിന്റെ വ്യവസ്ഥയില്ലാത്ത സ്നേഹം വചനാനുഭവത്തിലൂടെ പങ്കുവയ്ക്കുവാൻ....
- കർമ്മമാർഗ്ഗത്തിലൂടെ ഈശ്വരാനുഭവത്തിലേക്ക് മനുഷ്യമക്കളെ കൂട്ടിക്കൊണ്ടുവരാൻ....

**ഇതാ നിന്റെ മുമ്പിൽ വെല്ലുവിളിയുടെ ഒരു ജീവിതം....**

**Vocation Promoter, Apostolic Oblates, Spirituality Centre**
**Manganam P.O., , Kottayam - 686 018, Ph: 0481-2578192**



# നമുക്കും പുഞ്ചിരിക്കാം

**ഫിലോ കുറ്റിയാത്ത്**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

"നിങ്ങൾ സന്തോഷിക്കുവിൻ, സന്തോഷം പങ്കുവയ്ക്കുവിൻ, പ്രസരിപ്പിക്കുവിൻ" ഫ്രാൻസീസ് മാർപാപ്പ. "നിങ്ങൾ പുഞ്ചിരിയുടെ പ്രേഷിതരാകൂ..." ദൈവദാസൻ ബിഷപ് വില്യം ജക്വീൻതാ.

മനോഹരമായ ഒരു ഉദ്യാനത്തിൽ അല്പം വിശ്രമിച്ചുകൊണ്ടിരുന്നപ്പോൾ വിടരുന്ന ഒരു പുഷ്പത്തിൽ കണ്ണുടക്കി. ആ ചെടിയുടെ മുഖത്ത് ഒരു ചെറുപുഞ്ചിരി വിടരുന്നു. അടുത്തുനിന്ന ചെടികളിലേക്കെല്ലാം ആ പുഞ്ചിരി പടരുന്നു. പുഷ്പത്തിൽ നിറയുന്ന തേൻ ഊറ്റിക്കുടിക്കാൻ എത്തിയ പൂമ്പാറ്റയുടെ മുഖത്തും പുഞ്ചിരി. തേൻ നഷ്ടപ്പെടുമ്പോഴും പൂമ്പാറ്റയുടെ ചിറകിലൂടെ തന്റെ തലമുറ മറ്റൊരു സ്ഥലത്ത് പിറക്കുമെന്ന സന്തോഷത്താൽ ചെടി





ആനന്ദനൃത്തമാടി. പറന്നകലുന്ന പൂമ്പാറ്റയെ നോക്കി പുഞ്ചിരിച്ചു. അതാ രണ്ടു തേനീച്ച കുട്ടികൾ തേൻ തേടിയലയുന്നു... ഇതാ ... വരൂ ... ചെടി പുഞ്ചിരിയോടെ മൊഴിഞ്ഞു. തങ്ങൾക്ക് ആവശ്യമുള്ള തേൻ സ്വീകരിച്ചുകൊണ്ട് ഒരു ചെറുപുഞ്ചിരിയോടെ അവ പറന്നകന്നു... മറ്റൊരു സ്ഥലത്ത് അതു തേൻ സംഭരിച്ചു വയ്ക്കുന്നു. അതു കാണുന്ന മനുഷ്യന്റെ മുഖത്തും പുഞ്ചിരി. അത് ആസ്വദിച്ച കുട്ടികൾ സന്തോഷത്തോടെ ഓടിക്കളിക്കുന്നു. വിടർന്ന പൂവ് കൊഴിയുമ്പോഴും ആ ചെടി പുഞ്ചിരിച്ചുകൊണ്ടു നിൽക്കുന്നു. അതിനറിയാം പൂ പൊഴിഞ്ഞെങ്കിലേ ഫലം പുറപ്പെടൂ എന്ന്. ഇങ്ങനെ ചിന്തിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു മനുഷ്യക്കുഞ്ഞിന്റെ കരച്ചിൽ കേൾക്കുന്നു. കുഞ്ഞിന്റെ കരച്ചിൽ കേട്ടയുടനെ വേദനയാൽ പുളയുന്ന അമ്മയുടെ മുഖത്ത് പുഞ്ചിരി വിടർന്നു. ആ കരച്ചിൽ കേട്ടു പുറത്തുനിന്ന പിതാവിന്റെ മുഖത്തും പുഞ്ചിരി. ഈ പുഞ്ചിരി സമീപത്തുണ്ടായിരുന്ന എല്ലാവരിലേക്കും പടർന്നു....

പുഞ്ചിരി ഒരു ദിവ്യ ഔഷധമാണ്. 'കൊടുത്താൽ കൊല്ലത്തും കിട്ടും' എന്ന പഴമൊഴിപോലെ പുഞ്ചിരി കൊടുത്താൽ അതു തിരിച്ചുകിട്ടും. കുടുംബത്തിൽ അപ്പനും അമ്മയും തമ്മിൽ, അപ്പനും മക്കളും തമ്മിൽ, അമ്മയും മക്കളും തമ്മിൽ, മക്കളും മക്കളും തമ്മിൽ മുഖത്തുനോക്കി പുഞ്ചിരിക്കാൻ കഴിഞ്ഞാൽ അവിടമൊരു സ്വർഗമാകാൻ അധികം താമസം വരില്ല. നാം എവിടെയായിരിക്കുന്നുവോ അവിടം പറുദീസയാക്കാനുള്ള മരുന്നാണു പുഞ്ചിരി.

പൂ പൊഴിയുമ്പോഴും ചെടി പുഞ്ചിരിക്കുന്നതുപോലെ നമ്മുടെ ജീവിതത്തിലും പലതും നഷ്ടപ്പെടുമ്പോഴും സഹനങ്ങൾ നിറയുമ്പോഴും അതു ഫലം പുറപ്പെടുവിക്കുവാനുള്ള ദൈവത്തിന്റെ പദ്ധതിയായിക്കണ്ട് ചെറുപുഞ്ചിരിയോടെ അവയെ സ്വീകരിക്കാൻ കഴിയണം. വേദനയുടെ ആധിക്യത്തിലും അവയെ മറ്റുള്ളവരുടെ മുമ്പിൽ കാണിക്കാതെ അവരുടെ മുഖത്തുനോക്കി പുഞ്ചിരിക്കാനും തമാശരൂപേണ കാര്യങ്ങൾ അവതരിപ്പിച്ചു മറ്റുള്ളവരെ ചിരിപ്പിക്കാനും ശ്രമിച്ചിരുന്ന ചില വിശുദ്ധരെപ്പറ്റി കേട്ടിട്ടില്ലേ?

തന്നെ ഗ്രില്ലിൽവച്ച് ചുട്ടുപൊള്ളിച്ചപ്പോൾ ഒരു വശം ആവശ്യത്തിനു വെന്തു മറിച്ചിടാറായി എന്നു തമാശരൂപേണ പറഞ്ഞ ഒരു വലിയ വിശുദ്ധനാണ് വി. ലോറൻസ്. അല്പം ആയുസേ തനിക്കുള്ളൂ എന്നറിയുന്ന പെൺകുട്ടി തനിക്കു ബാക്കിനില്ക്കുന്ന കുറച്ചു ദിനങ്ങൾ മറ്റുള്ളവരെ ചിരിപ്പിക്കുന്നതിനും സന്തോഷിപ്പിക്കുന്നതിനുമായി മാറ്റി വയ്ക്കുന്നതായ ഒരു കഥാപാത്രത്തെ നോക്കെത്താ ദൂരത്ത് കണ്ണുംനട്ട് എന്ന സിനിമയിൽ അവതരിപ്പിച്ചത് നാമെല്ലാം ആകാംക്ഷയോടെ കണ്ടതാണ്. 1 പത്രോ. 2,19 "ദൈവചിന്തയോടെ വേദനകൾ ക്ഷമാപൂർവം സഹിച്ചാൽ അത് അനുഗ്രഹകാരണമാകും എന്ന് പത്രോസ് ശ്ലീഹാ പഠിപ്പിക്കുന്നു. നമ്മുടെ മുഖങ്ങൾ ഉപ്പിലിട്ട മുളകുപോലെ ആയിരിക്കരുത് എന്ന് ഫ്രാൻസീസ് മാർപാപ്പ പറയുന്നു. ഇതു വായിക്കുന്ന നിങ്ങളുടെ മുഖത്തും പുഞ്ചിരി വിടരട്ടെ! തേൻ ആസ്വദിച്ച കുഞ്ഞിന്റെ മുഖത്തോടെ നമുക്കു നമ്മുടെ സഹോദരങ്ങളെ നോക്കി പുഞ്ചിരിക്കാം. പുഞ്ചിരിയുടെ പ്രേഷിതരാകാം – സന്തോഷം പ്രസരിപ്പിക്കുന്നവരാകാം.





# നീയും സെൽഫിയോ?

മങ്ങാടൻ

പെരുമഴക്കാലത്തായിരുന്നു അച്ചൂട്ടിയുടെ വീട്ടിലേക്കു കയറിച്ചെന്നത്. അതിശക്തമായ മിന്നലും ഇടിയുമായതിനാൽ വരാന്തയിൽ നിൽക്കേണ്ട അകത്തേക്കു കയറാം എന്നു കരുതി വലതുകാലും വച്ചു കയറാൻ ഭാവിച്ചപ്പോഴതാ അകത്തുനിന്നും ഇടിമുഴക്കത്തെക്കാൾ നല്ല മുഴക്കത്തിൽ അച്ചൂട്ടിയുടെ കരച്ചിൽ. അമ്മ ഓടിയെത്തി കാര്യം തിരക്കിയപ്പോൾ അവൾക്കിത്രമാത്രമേ പറയാനുള്ളൂ. “ഇതെന്റെ വീടാ, ഇവിടാരും കയറേണ്ട” അവളുടെ ശാഠ്യത്തിനു മുമ്പിൽ അമ്മ അതിഥികളെ വരാന്തയിലിരുത്തി.

പിറന്നുവീഴുന്ന കുഞ്ഞുമുതൽ വാർദ്ധക്യത്തിലെത്തിയവർ വരെ, ഇന്നത്തെ ലോകം ‘എന്റെ’, ‘എനിക്ക്’, ‘ഞാൻ’ എന്നീ പദങ്ങളാൽ കുടുങ്ങുകയാണ്. ഒരു നാളിൽ ഒരു മഷിത്തണ്ടുകൊണ്ട് ഒരു ക്ലാസ്സുമുഴുവൻ സ്ലേറ്റ് തുടച്ചിരുന്നുവെങ്കിൽ ഇന്ന് എന്റെ സീറ്റ്, എന്റെ ബാഗ്, എന്റെ ടിഫിൻ ... ഇങ്ങനെ ചുരുങ്ങിപ്പോകുന്നു ആധുനിക ബാല്യം.

ഒരുകാലത്ത് അത്യാഹിതനിമിഷത്തിൽ വീരോചിതമായി പ്രവർത്തിച്ച് അനേകരുടെ പ്രശംസ നേടിയിരുന്ന യുവതലമുറ ഇന്ന് അത്യാഹിതത്തിൽ സഹജന്റെ ജീവൻ പിരിയുന്നതുപോലും മൊബൈലിൽ പകർത്തി ഫേസ്ബുക്കിൽ പോസ്റ്റ്ചെയ്ത് ലൈക്ക് പരതി നടക്കുന്ന കാഴ്ച അന്യമല്ല. ഒരു കാലത്ത് പകലന്തിയോളം കഷ്ടപ്പെട്ട് മക്കൾക്കും ജീവിതപങ്കാളിക്കും വേണ്ടി ജീവിച്ചിരുന്ന മാതാപിതാക്കൾ ഇന്നോ ബീവറേജ് ഷോപ്പിലും ബ്യൂട്ടി പാർലറിലും ക്യൂ നിന്ന് ‘എന്റെ സുഖം’, ‘എന്റെ സന്തോഷം’, ‘എന്റെ സൗന്ദര്യം’ എന്നീ ചിന്തകളിലേക്കു മാത്രം ചുരുങ്ങിപ്പോയിരിക്കുന്നു.

‘എന്റെ നാമം പൂജിതമാകണം, എന്റെ രാജ്യം നിലനിൽക്കണം’ എന്ന പ്രാർത്ഥനയോടെ സ്വത്തും കെട്ടിപ്പൂട്ടി കഴിയുന്ന വാർദ്ധക്യവും ...

ഈ സെൽഫി സംസ്കാരത്തിനുമുന്നിൽ വെല്ലുവിളിയായി നിൽക്കുന്നുണ്ടൊരാൾ ...


നീയൊരു സെൽഫിയാണെങ്കിൽ നിന്നെ വെല്ലുവിളിക്കുന്നവന്റെ പിന്നാലെയാകാം ഇനി മുതലുള്ള യാത്ര...

കാലിത്തൊഴുത്തിൽ പിറന്നത് സഹജനെ പരിഗണിച്ച്, അവരിലൊരുവനായി സ്വർഗ്ഗീയ മഹിമ വെടിഞ്ഞ് മണ്ണോളം താഴ്ന്നവൻ ... ഈ ഭൂമിയിൽ ലഭിക്കാമായിരുന്ന സ്തുതിബഹുമാനങ്ങൾ ഉപേക്ഷിച്ച്, അധികാരഭ്രമത്തിനു മുമ്പിൽ ദാസനായി തീർന്നവൻ, വേർതിരിവില്ലാതെ എല്ലാവരോടും ചുങ്കക്കാരോടും പാപികളോടും ചങ്ങാത്തം കൂടിയവൻ. അപരന്റെ ദുഃഖവും വേദനയും സ്വന്തം ദുഃഖവും വേദനയുമായി സ്വീകരിച്ചവൻ, തള്ളിപ്പറഞ്ഞവനിൽ പോലും നന്മകണ്ടെത്തി വിശ്വാസമർപ്പിച്ചവൻ, ആരെയും വിധിക്കുകയോ പരിഹസിക്കുകയോ ചെയ്യാത്തവൻ, ഉള്ളതിനെ നൂറിരട്ടിയായി പങ്കുവച്ചവൻ, ഒറ്റിക്കൊടുത്തവനുപോലും ‘സ്നേഹചുംബനം’ നൽകിയവൻ, സ്നേഹിതനുവേണ്ടി ജീവൻ ബലികഴിക്കുന്നതിനെക്കാൾ വലിയ സ്നേഹമില്ല എന്നു വാക്കാൽ പറയുകയും ജീവിതംകൊണ്ടു വെളിപ്പെടുത്തുകയും ചെയ്തവൻ ...

33 വർഷക്കാലം സെൽഫിയാകാതെ ലോകത്തിൽ ജീവിച്ചവൻ. ഇതാ നിന്റെ മുമ്പിലും ഒരു വെല്ലുവിളിയുമായി... ധൈര്യത്തോടെ അനുയാത്ര ചെയ്യാം. കൂടെ ഈ പ്രാർത്ഥനയും... ദൈവമേ, ശൂന്യമായ കരങ്ങളോടെ അങ്ങെന്നെ ഭൂമിയിലേക്ക് അയച്ചു...ഇവിടെ ആയിരിക്കുമ്പോഴും തിരികെ വരുമ്പോഴും എനിക്കായി ഭൂമിയിൽ കരുതിവയ്ക്കാതെ മറ്റുള്ളവർക്കായി ജീവിക്കുവാൻ കൃപയേകണേ....

**കൈത്താക്കാലം**

രക്തസാക്ഷികളുടെ ചുടനിണത്താൽ പരിപോഷിപ്പിക്കപ്പെട്ടു വളർന്ന സഭ, തീയിൽ കുരുത്തതാണ്. അത് വെയിലത്ത് വാടുകയില്ലെന്ന് ഇന്നുവരെയുള്ള ചരിത്രം തെളിയിക്കുന്നു. സഭയുടെ തുടർന്നുള്ള വളർച്ച നമ്മിലോരോരുത്തരിലുമാണ് അധിഷ്ഠിതമായിരിക്കുന്നത്. നാം വിശ്വാസത്തിലും വിശുദ്ധിയിലും വളരുമ്പോൾ സഭ വളരുന്നു. അതിന് ശ്ലീഹന്മാരുടെ ത്യാഗമനോഭാവവും രക്തസാക്ഷികളുടെ ധീരതയും നാം കൈവരിക്കേണ്ടിയിരിക്കുന്നു.



# ദൈവമേ, എനിക്ക് ചെരിപ്പ് വേണ്ട

**ഫാ. ഷിബു പുളിക്കൽ**
കല്യാൺ രൂപത

ഒരു കഥ ഇങ്ങനെയാണ്, ദൈവാലയത്തിനുള്ളിൽ ഭക്തിയോടെ, തിരുസ്വരൂപത്തിന്റെ മുമ്പിൽ തിരികൾ തെളിച്ച് അയാൾ പ്രാർത്ഥിച്ചു. 'ദൈവമേ, ആരോഗ്യവും ആയുസും നിറയെ സമ്പത്തും നല്കി എന്നെ അനുഗ്രഹിക്കണമേ...' പ്രാർത്ഥന കഴിഞ്ഞ് പുറത്തിറങ്ങിയപ്പോൾ അയാളുടെ ചെരിപ്പ് കാണാനില്ല. എല്ലായിടത്തും നോക്കി, മോഷണം പോയി എന്നുറപ്പായി. അയാൾ ദേഷ്യപ്പെട്ട് ദൈവാലയത്തിനകത്ത് കയറി കത്തിച്ചുവെച്ച തിരികൾ ഊതിക്കെടുത്തി കോപത്തോടെ പറഞ്ഞു: 'എന്റെ ഒരു ചെരുപ്പുപോലും സംരക്ഷിക്കാൻ കഴിയാത്ത അങ്ങാണോ എനിക്ക് ആരോഗ്യവും സമ്പത്തും നല്കാൻ പോകുന്നത്'. അയാൾ ദൈവാലയത്തിനു പുറത്തിറങ്ങി. അപ്പോൾ ദൈവാലയമുറ്റത്ത് കണ്ട കാഴ്ച അയാളെ അസ്വസ്ഥനാക്കി. ഇരുകാലുകളും നഷ്ടപ്പെട്ട ഒരു മനുഷ്യൻ നിരങ്ങിനീങ്ങുന്നു. അയാൾ ഉടൻ ദൈവാലയത്തിനകത്തു കയറി ഊതിക്കെടുത്തിയ തിരികൾ വീണ്ടും തെളിച്ചു. അവിടെ മുട്ടുകുത്തി മാപ്പിരന്നു "ദൈവമേ, എനിക്ക് ചെരിപ്പ് വേണ്ടാ, എനിക്ക് രണ്ട് കാലുകളുണ്ടല്ലോ".

നമുക്ക് ദൈവം നൽകിയ നിരവധിയായ അനുഗ്രഹങ്ങളെക്കുറിച്ചു ചിന്തിക്കാതെ, കിട്ടാത്തതിനെ കുറിച്ചുമാത്രം ഓർത്തുകൊണ്ടിരിക്കുന്ന ഒരു സമൂഹത്തിലാണ് ഞാനും നിങ്ങളും ജീവിക്കുന്നത്. 'നന്ദി പറയാൻ കഴിയാത്ത വിധം അത്ര വലിയ അനുഗ്രഹങ്ങളാണ് നീ ഞങ്ങൾക്ക് നൽകിയിരിക്കുന്നത്' എന്ന പ്രാർത്ഥന വി. കുർബാനയിൽ ചൊല്ലുമ്പോൾ നമ്മുടെയൊക്കെ കണ്ണിൽനിന്നും കണ്ണീർ വീഴണം. ക്യാൻസർ വന്നിട്ട് മാറുന്നതിനെക്കാൾ ഏറ്റവും വലിയ അദ്ഭുതം ഇപ്പോൾ എനിക്ക് ആ രോഗം ഇല്ല എന്നുള്ളതാണ് എന്ന് ഞാൻ തിരിച്ചറിയുമ്പോൾ മാത്രമേ ഈ പ്രാർത്ഥനയ്ക്ക് അർത്ഥം ഉണ്ടാകുകയുള്ളൂ.

ഇന്റെൻസീവ് കെയർ യൂണിറ്റിൽ കിടന്ന് കാശുകൊടുത്ത് ശ്വസിക്കുമ്പോൾ മാത്രമേ എന്നും സൗജന്യമായി ശ്വസിക്കുന്ന ശ്വാസത്തിന്റെ വില നമുക്കു മനസിലാകൂ. വീണിട്ട് എഴുന്നേൽക്കുന്നതല്ല അദ്ഭുതം. വീഴാതെ നടക്കുന്നതാണ് അദ്ഭുതം. രാത്രി കിടന്നിട്ട് രാവിലെ ഉണരുന്നത് അദ്ഭുതമാണെന്ന് നാം എന്നാണ് തിരിച്ചറിയുക. എല്ലാറ്റിലും ദൈവപരിപാലന തിരിച്ചറിയുന്നവനേ സന്തോഷത്തോടെ ജീവിക്കാൻ സാധിക്കൂ. വാഹനത്തിൽ കയറുമ്പോൾ പ്രാർത്ഥിക്കുന്ന നമ്മൾ ലക്ഷ്യസ്ഥാനത്ത് എത്തിയശേഷം പ്രാർത്ഥിക്കാറില്ല; നന്ദി പറയാറില്ല. പ്രാർത്ഥിക്കുന്നവരും നന്ദി പറയുന്നവരും ഉണ്ട് എന്നുള്ളതും മറക്കുന്നില്ല. രാവിലെ ജോലിക്കു പോകുമ്പോൾ, സ്കൂളിൽ പോകുമ്പോൾ, വീട്ടിലെ തിരുഹൃദയരൂപത്തിനു മുമ്പിൽനിന്നു പ്രാർത്ഥിക്കുന്ന നാം തിരിച്ചെത്തുമ്പോൾ എന്താണ് ഈ രൂപത്തിന്റെ മുമ്പിൽ നില്ക്കാത്തത്. പട്ടം പറപ്പിക്കുന്ന കുട്ടിയെപ്പോലെ, ഞാൻ കയർ വലിക്കുന്നതുകൊണ്ടാണ് പട്ടം പറക്കുന്നത് എന്ന് നീ ചിന്തിക്കരുത്. വീശിയടിക്കുന്ന കാറ്റില്ലെങ്കിൽ പട്ടം ഉയരുകയില്ല. ജീവിതത്തിൽ നടന്നിട്ടുള്ളതും, നടക്കാൻ പോകുന്നതും നന്മയ്ക്കാണെന്നു മനസിലാക്കണമെങ്കിൽ കുറച്ചുനേരം ശാന്തമായി ഇരിക്കുക. അപ്പോൾ 'നന്ദി പറയാൻ സാധിക്കാത്തവിധം അത്രമാത്രം വലിയ അനുഗ്രഹങ്ങളാണ് നീ ഞങ്ങൾക്കു നല്കിയിരിക്കുന്നത്' എന്ന പ്രാർത്ഥനയുടെ അർത്ഥം നിനക്കു മനസിലാകും.

**കൈത്താക്കാലം**

കൈത്താക്കാലത്തിന്റെ ആദ്യഞായറാഴ്ചയെ 'നുസാർദെൽ' ഞായർ എന്നുവിളിക്കുന്നു. ഈ വാക്കിന് യാമപ്രാർത്ഥനയിൽ കൊടുത്തിരിക്കുന്ന വിശദീകരണം ഇപ്രകാരമാണ്: "ദൈവത്തിന്റെ തിരുനാളും പന്ത്രണ്ടു ശ്ലീഹന്മാരുടെ അനുസ്മരണവും". സഭയുടെ വളർച്ചയ്ക്ക് ആരംഭം കുറിച്ചത് ശ്ലീഹന്മാരാകയാൽ കൈത്താക്കാലത്തിലെ ആദ്യത്തെ ഞായറാഴ്ചതന്നെ ശ്ലീഹന്മാരെ അനുസ്മരിക്കുന്നത് ഏറ്റം ഉചിതമാണ്.

# വിശുദ്ധിയുടെ മുത്തുകൾക്ക്

കൂട്ടുകാരേ, കൈത്താക്കാലത്ത് പരി. കുർബാനയിൽ നാം പ്രാർത്ഥനയ്ക്കായി ഉപയോഗിക്കുന്ന ഭാഗങ്ങൾ ഉപയോഗിച്ച് താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താമോ?

1. കർത്താവ് ഇഷ്ടപ്പെടുന്നത് ആരെയാണ്?
2. എങ്ങനെയാണ് സഭയെ പരിരക്ഷിക്കേണ്ടത്?
3. ഇസ്രായേലിൽ നിന്നും ചിതറിപ്പോയവരെ കർത്താവ് എന്തു ചെയ്യുന്നു?
4. .......... ഉം ............... ഉം ആകുന്ന അടിസ്ഥാനത്തിലാണ് സഭ പണിയപ്പെട്ടിരിക്കുന്നത്
5. കർത്താവ് നമ്മെ വിളിച്ചത് എന്തിനു സാക്ഷികളാകാനാണ്?
6. കൈത്താക്കാലത്ത് നാം പ്രത്യേകമായി ഓർക്കുന്നതാരെയാണ്?
7. അവർണ്ണനീയമായ രഹസ്യങ്ങൾ അർപ്പിക്കപ്പെടുമ്പോൾ .......... പോലും ഭയഭക്ത്യാദരങ്ങളോടെ നിലകൊള്ളുന്നു
8. പ്രേഷിതപ്രവർത്തനത്തിൽ ഉണ്ടാകുന്ന എതിർപ്പുകളെയും പ്രതിബന്ധങ്ങളെയും എങ്ങനെയാണ് തരണം ചെയ്യേണ്ടത്?
9. ആരെയാണ് കർത്താവ് ഉയർത്തുന്നത്?
10. വിവിധ സഭകളെ എങ്ങനെയാണ് പരിരക്ഷിക്കേണ്ടത്?



തയ്യാറാക്കിയത്: സിജി കുന്നത്ത്

✂ ............................................✂.............

## ഉത്തരങ്ങൾ

1.
2.
3.
4.
5.
6.
7.
8.
9.
10.

പേര്.............................................................................................

വയസ്.......മേൽവിലാസം.............................................................

.....................................................................................................

.....................................................പിൻ...................................

✂ ............................................✂.............

(15 വയസ്സുവരെയുള്ള കൂട്ടുകാർക്കാണ് ഈ മത്സരം. ലഭിക്കുന്ന ശരിയുത്തരങ്ങളിൽ നിന്നും നറുക്കിട്ടായിരിക്കും വിജയിയെ കണ്ടെത്തുക. ഉത്തരങ്ങൾ ലഭിക്കേണ്ട അവസാന തീയതി - ജൂലൈ 30).
**അയയ്ക്കേണ്ട വിലാസം:** പ്രതീക്ഷയുടെ പൂമൊട്ടുകൾ, സ്പിരിച്ച്വാലിറ്റി സെന്റർ, മാങ്ങാനം പി. ഒ., കോട്ടയം 686 018



വിശുദ്ധിയുടെ മുത്തുകൾക്ക്






## ബാലനോവൽ –6

**അ**ത് അയൽപക്കത്തെ തോമ്മാച്ചൻ ചേട്ടനായിരുന്നു. "വർക്കിച്ചാ, നിന്റെ കൈയീന്നു കടം മേടിച്ച പൈസ ഇതാ ... നിനക്ക് തിരികെ തരാതെ ഞാൻ അതുമായി കള്ളുഷാപ്പിലേക്കു പോകുകയായിരുന്നു. പോകുന്നവഴി ഇത് എന്റെ കൈയീന്നു നഷ്ടപ്പെട്ടുപോയി. തിരികെ വന്ന് അന്വേഷിച്ചിട്ടും കണ്ടില്ല. വികാരിയച്ചനോടു പറഞ്ഞപ്പോഴാണ് കളഞ്ഞു കിട്ടിയതാണെന്നു പറഞ്ഞ് ഇതെനിക്കു തന്നത്. ഇനിയിതു നിനക്കു തരാതെ പോയാൽ തമ്പുരാൻ ക്ഷമിക്കുകയില്ല...". കർത്താവിന്റെ മുമ്പിൽ വീണ് ഉറക്കെകരയാനാണ് അവർക്കു തോന്നിയത്... 'കഷ്ടതയുടെ അപ്പവും ക്ലേശത്തിന്റെ ജലവും തന്നാലും നിന്റെ ഗുരു നിന്നിൽ നിന്നും മറഞ്ഞിരിക്കുകയില്ല' എന്നു ബൈബിളിൽ പറയുന്നത് സത്യമാ... വർക്കിച്ചൻ മക്കളോടു പറഞ്ഞു നിർത്തി.

"ഇന്നെന്താ പതിവില്ലാതെ ആനിയുടെ മുഖത്തൊരു സങ്കടം?" വർക്കിച്ചന്റെ സ്വരം കേട്ടാണ് ആനി പുസ്തകത്തിൽ നിന്നു കണ്ണുപറിച്ചത്... "അപ്പച്ചാ എന്റെ കൂടെ പഠിച്ചിരുന്ന ലിയാ മരിച്ചുപോയി ... ഞാൻ പറഞ്ഞിട്ടില്ലേ ക്യാൻസറായിരുന്നു ... ദൂരെയായതിനാൽ കാണാൻ പോകാൻ പറ്റിയില്ല ... വലിയ ഇഷ്ടമായിരുന്നു ..." ആനിക്ക് വാക്കുകൾ കിട്ടുന്നില്ലായിരുന്നു. 'നമുക്ക് ആ കുടുംബത്തിനുവേണ്ടി പ്രാർത്ഥിക്കാം മക്കളേ ... അമ്മച്ചിയുടെ കബറിടത്തിൽ പൂക്കൾ വയ്ക്കുമ്പോൾ ആ കുടുംബത്തെയും ഓർത്തു പ്രാർത്ഥിക്കാൻ നിങ്ങൾ മറക്കരുത് ...' വർക്കിച്ചൻ പറഞ്ഞു. പക്ഷേ ആനിയുടെ മനസിലെ സങ്കടം അതുകൊണ്ടു തീരുന്നതായിരുന്നില്ല. (തുടരും....)

**സ്റ്റെഫി മംഗലത്തുകുന്നേൽ**

കൂട്ടുകാരേ, 'വിശുദ്ധിയുടെ മുത്തുകളിലേക്ക്' നിങ്ങളുടെ രചനകളെയും സ്വാഗതം ചെയ്യുന്നു. നല്ല സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന ചെറുകഥകളും കുട്ടിക്കവിതകളും സത്ചിന്തകളും, ഒരു പേജിൽ കവിയാതെ *പ്രതീക്ഷയുടെ പൂമൊട്ടുകൾ*ക്ക് അയച്ചുതരിക. സാധ്യമെങ്കിൽ ഫോട്ടോയും. യോഗ്യമായവ പ്രസിദ്ധീകരിക്കുന്നതാണ്.



# Something to Rejoice

**Bro. Naveen Plackalil**
**St. Thomas Minor Seminary, Kurichy**

Joy is something, that the modern man is deprived of. In the midst of luxuries, comforts and all means and ways of pleasure and amusement, a smiling face is something rare in a crowd. As for youngsters, there are many occasions to plunge into fun and revelry, be that hangouts or DJ parties or even drinks and cocktails. But all these merry making clubs and alcohols fail to generate true happiness in people, especially youngsters. Because, if it were so, there would not be that increase in depression cases among youth as we read from the statistics.

There is no one in this world who has not experienced the bitter taste of sadness. What everyone needs is joy. Craving for money, wealth, power, position and so on is out of the human urge to find happiness and satisfaction.







But when these fail, we have a last resort for help – religiousity; convention centres, pilgrimages etc. But a true practising Christian always has something to rejoice. For him, in the midst of suffering, pains and anguish joy is not a word out of place.

In the Bible the term joy is used to express a multiplicity of collective and personal experience, connected in a particular way to religious ceremonies and feasts. There are indeed 13 different verbs and nouns in the Bible to describe the joy of God and of the people in the dialogue of salvation. Great personalities in the Bible were people of inner joy radiated out of their deep communion with God. The familiar example is Mary who said, “My spirit rejoices in God my Saviour” (Lk 1:47). The Gospel also gives an account of the joy of Jesus: “He rejoiced in the Holy Spirit” (Lk 10:21).

Lord Jesus has given a simple tip to find this inner joy and rejoice in the inner self. “These things I have spoken to you that my joy may be in you and that your joy may be full” (Jn 15:11). Then he says: “You love one another as I have loved you”. Love is the one and only virtue that fills one’s heart with joy.

St. Therese of Lisieux says, “everything with greater love”. Let us add the flavour of love in our words and deeds. Gradually we realize the seedling of joy sprouting in us. This should be watered by prayer. This joy, born out of selfless love, is the true beauty even Nikoz Kazantzakis in his master piece. “Francis Assisi” writes, ‘‘What shall I call the God who is the epitome of all beauty? I shall call him *Father*”. Because true beauty can be equated to love. As the famous poet John Keats writes, “A thing of beauty is a joy forever”. Dear friends, let the beauty of love shine in our hearts and let it be the mark of our joy forever.






**സമർപ്പിതവർഷം**
**2014 നവംബർ 29–**
**2016 ഫെബ്രുവരി 2**

# സമാശ്വാസത്തിന്റെ പ്രേഷിതർ

**ജിസ കൂട്ടിയാനിക്കൽ**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

'സന്തോഷമുള്ളവരായിരിക്കുവിൻ',എന്ന് ഊന്നൽ നല്കി പറയുമ്പോഴും പാപ്പാ ഉദ്ദേശിക്കുന്നത് പ്രശ്നങ്ങൾ ഇല്ലാത്ത ഒരു ജിവിതത്തെക്കുറിച്ചല്ല, മറിച്ച് എതൊരു ജീവിതസാഹചര്യങ്ങളിലും സന്തോഷം നഷ്ടപ്പെടുത്തരുത് എന്നത്രേ.

സമാശ്വാസത്തിന്റെ പ്രേഷിതരായി മാറാൻ പാപ്പാ സമർപ്പിതരെ ഉദ്ബോധിപ്പിക്കുന്നു. ഏശയ്യാ 40,1-2 ദൈവം നമ്മെ സമാശ്വസിപ്പിക്കുന്നു. അത് മറ്റുള്ളവർക്ക് ഈ ആശ്വാസം പകർന്നുനല്കാൻ വേണ്ടിയാണ്. ലോകത്തിന് സമാശ്വാസത്തിന്റെ ജലം പകർന്നുനല്കുക എന്നതാണ് സമർപ്പിതന്റെ ദൗത്യം. സമാശ്വസിപ്പിക്കുക എന്നാൽ 'കൂടെ നിന്ന് ശക്തിപ്പെടുത്തുക' എന്നർത്ഥം. യഥാർത്ഥ ആശ്വാസപ്രദൻ പരിശുദ്ധാത്മാവാണ്. അവിടുന്ന് നല്കുന്ന ആശ്വാസം സ്വീകരിച്ചാൽ മാത്രമേ അത് നല്കാനും സാധിക്കൂ. വ്യക്തിപരമായ പ്രാർത്ഥനയാണ് അവിടുത്തെ സമാശ്വാസം സ്വീകരിക്കേണ്ട വേദി.

ദൈവത്തിന്റെ ആശ്ലേഷം അനുഭവവേദ്യമാകുന്ന സ്നേഹമാണ് സമർപ്പിതർ പകരേണ്ടത് (ലൂക്കാ 15,20). സ്നേഹത്തിന് മാത്രമേ മനുഷ്യനെ മാനസാന്തരപ്പെടുത്താനാവൂ. പാപമോചനവേദിയും വി. കുർബാനയും ദൈവത്തിന്റെ സ്നേഹാശ്ലേഷത്തിന്റെ അവസരങ്ങളായി മാറണം.

ദൈവത്തിന്റെ പുഞ്ചിരി ധരിക്കുന്ന ജീവിതമായിരിക്കണം സമർപ്പിതന്റെ സുവിശേഷം. അപ്പോൾ മാത്രമേ വിശ്വസനീയതയോടുകൂടി സുവിശേഷം പ്രഘോഷിക്കാൻ സാധിക്കൂ.

ഉറ്റബന്ധവും കണ്ടുമുട്ടലും പ്രാവർത്തികമാക്കുന്ന സ്നേഹം സമർപ്പിതന്റെ മുഖമുദ്രയാകണം. സ്വാർത്ഥതയിൽ നിന്നും സ്വന്തം പ്രശ്നങ്ങളിൽ നിന്നും പുറത്തു കടന്ന് 'കൂടെ നടക്കുന്ന' എമ്മാവൂസ് അനുഭവം സഹോദരർക്ക് പ്രദാനം ചെയ്യാൻ സാധിക്കുമ്പോഴാണ് സമർപ്പിതരുടെ സമർപ്പണം സാഫല്യമണിയുക.

സമർപ്പിതർ ഒരിക്കലും സ്നേഹത്തെ സ്വകാര്യവത്കരിക്കരുത്. നന്മ ചെയ്യാനായി വെമ്പൽ കൊള്ളുന്ന ഹൃദയം അവരുടെ മാത്രം സ്വന്തമായിരിക്കണം. "എല്ലാവർക്കും എല്ലാമായി തീരുന്ന സ്നേഹം" (1 കോറി 9,22). അതിന്റെ ബഹിർസ്ഫുരണമായ സന്തോഷം ആയിരിക്കണം ഒരു സമർപ്പിതൻ നല്കേണ്ടത്.







# ആധുനികലോകത്തിലെ ചതിക്കുഴികൾ

**സുജ ചോതിരക്കുന്നേൽ**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

നമ്മുടെ നാട്ടിൽ ഒളിച്ചോടുന്ന കുട്ടികളുടെ എണ്ണം വർധിച്ചുവരുന്നു. മൊബൈൽ ഫോണിലെ മിസ്ഡ് കോളുകളും സോഷ്യൽ നെറ്റ് വർക്കുകളിലെ കഴുകൻ കണ്ണുകളും അവരെ വലയിൽ വീഴ്ത്താൻ കാത്തിരിക്കുന്നു. ഈ സൈബർയുഗത്തിലെ ചതിക്കുഴികളെക്കുറിച്ചും കുട്ടികളും അവരുടെ മാതാപിതാക്കളും ജാഗരൂകരാകേണ്ടിയിരിക്കുന്നു. പണ്ടുകാലത്തുനിന്നും വ്യത്യസ്തമായി അണുകുടുംബങ്ങൾ രൂപപ്പെട്ടപ്പോൾ അതിനോടനുബന്ധിച്ച് ഉയർന്ന പ്രശ്നങ്ങളിൽ ഒന്നാണ് കുട്ടികളുടെ ഒറ്റപ്പെടൽ. മിക്കകുടുംബങ്ങളിലും ഒരു കുട്ടി മാത്രമാണുള്ളത്. പണ്ട് കൂടുതൽ കുട്ടികളുണ്ടായിരുന്നപ്പോൾ അവർ തമ്മിലുള്ള ബന്ധം ദൃഢമായിരുന്നു. ഇന്ന് കുട്ടികൾ കൂടുതൽ സ്വാർത്ഥരാവുകയാണ്. എന്ത് ആവശ്യപ്പെട്ടാലും മാതാപിതാക്കൾ വാങ്ങി നല്കും. കഷ്ടപ്പാടുകളറിയാതെ വളർന്നുവരുന്ന കുട്ടികൾക്ക് ജീവിതത്തിലെ ഒരു ചെറിയ പ്രതിസന്ധിപോലും തരണം ചെയ്യാൻ അറിയില്ല. അവരുടെ ഏകവഴി ആത്മഹത്യ മാത്രമായി ഒതുങ്ങുകയാണ്. തിരക്കേറിയ ജീവിതത്തിൽ പണത്തിനുവേണ്ടിയുള്ള നെട്ടോട്ടത്തിൽ മാതാപിതാക്കൾക്ക് നഷ്ടപ്പെടുന്നത് സ്വന്തം മക്കളെ തന്നെയാണ്. മാതാപിതാക്കളും മക്കളും തമ്മിൽ ഒരു തുറന്ന സംസാരം പോലും മിക്ക കുടുംബങ്ങളിലും ഇല്ല. മാതാപിതാക്കൾ കുട്ടികളുടെ ബെസ്റ്റ് ഫ്രണ്ട്സ് ആകാത്തതും കുട്ടികളുടെ ഒറ്റപ്പെടലിനു വഴി തെളിക്കുന്നു.

സൈബർ സെല്ലിൽ ലഭിക്കുന്ന പരാതികളിൽ പെൺകുട്ടികൾ വീട് വിട്ടിറങ്ങുന്നതിന്റെ കാരണം വിരൽചൂണ്ടുന്നത് മൊബൈൽ ഫോണിലേക്കാണ്. ആദ്യം മിസ്ഡ് കോൾ, പിന്നെ പരിചയപ്പെടൽ, പിന്നെ സംസാരരീതി മാറുന്നതാണ് മിസ്ഡ്കോൾ തട്ടിപ്പുവീരന്മാരുടെ രീതി. അവസാനം ചതിയിൽപ്പെടുത്തി കാര്യം കണ്ടു കഴിയുമ്പോൾ പിന്നെ ഫോണിൽ വിളിച്ചാൽ സ്വിച്ച് ഓഫായിരിക്കും. മിസ്ഡ് കോൾ ഒരു ചൂണ്ടയാണ്. അനാവശ്യ മിസ്ഡ് കോളുകൾക്ക് തിരിച്ചുവിളിക്കാതിരിക്കുക. വിളി ശല്യമായാൽ പോലിസിൽ പരാതിപ്പെടുക.

ഇത് ആൺപെൺ സൗഹൃദത്തിന്റെ കാലമാണ്. പെൺകുട്ടികൾ അറിയാതെ, ആൺകുട്ടികളുമായുള്ള സല്ലാപം റിക്കാർഡ് ചെയ്ത് ബ്ലാക്ക്മെയിലംഗിന് ഉപയോഗിക്കാറുണ്ട്. അതുപോലെ സ്വന്തം ശരീരഭാഗങ്ങൾ മൊബൈലിൽ ഷ്യൂട്ട് ചെയ്യാറുള്ള പെൺകുട്ടികളുമുണ്ട്. ഒരു പെൺകുട്ടി മൊബൈൽ ഫോൺ കേടായപ്പോൾ നന്നാക്കാൻ കടയിൽ കൊടുത്തു. മെമ്മറി കാർഡിലെ വീഡിയോകൾ അവർ കോപ്പി ചെയ്ത് പെൺകുട്ടിയെ ബ്ലാക്ക് മെയിൽ ചെയ്ത് പണം തട്ടി. അവസാനം അവളെ ചതിയിലാക്കി. നന്നായി പഠിച്ചുകൊണ്ടിരുന്ന ഒരു പെൺകുട്ടിയുടെ പഠനം മൊബൈൽ ഫോൺ ലഭിച്ചതോടെ മോശമായി. കാര്യം അന്വേഷിച്ചപ്പോൾ, ഒരു വർഷമായി മൊബൈലിൽ എത്തുന്ന മെസേജിന് മറുപടി അയയ്ക്കുകയാണ് അവളുടെ മുഖ്യപരിപാടി. പഠിക്കാനോ, ഉറങ്ങാനോ അവൾക്കു സമയമില്ല. പ്രണയത്തെ തുടർന്ന് വീട് വിട്ടിറങ്ങുന്ന പെൺകുട്ടികളുടെ എണ്ണം ഏറിവരുകയാണ്. പണവും വിദ്യാഭ്യാസവും ഉള്ള കുടുംബങ്ങളിലെ കുട്ടികൾ പോലും പ്രണയവലയത്തിൽ കുടുങ്ങുന്നു. ഡോക്ടർ ദമ്പതികളുടെ മകൾക്ക് സൗഹൃദം പങ്കുവയ്ക്കാൻ കിട്ടിയത് വീട്ടിലെ ഡ്രൈവറെയാണ്. ഭാര്യയും കുട്ടികളുമുള്ള അയാളോടൊപ്പം ഒളിച്ചോടിയ പെൺകുട്ടിയെ ഓർത്ത് അവളുടെ മാതാപിതാക്കൾ കണ്ണീരൊഴുക്കുകയാണ്.

സോഷ്യൽ മീഡിയയായ ഫേസ് ബുക്കിന്റെയും വാട്ട്സ് ആപ്പിന്റെയും മറ്റും അതിപ്രസരം നമ്മുടെ യുവജനങ്ങളെ ഒരു വിധത്തിൽ അവയുടെ അടിമകളാക്കുകയാണ്. ഇവയുടെ നല്ല വശങ്ങളെ പ്രോൽസാഹിപ്പിക്കുന്നതിനു പകരം ഇവ ദുരുപയോഗം ചെയ്യുന്ന ഒരു വിഭാഗം രംഗത്തുണ്ട്. സോഷ്യൽ നെറ്റ് വർക്ക് സെറ്റിൽ വ്യാജപ്രൊഫൈൽ ഉണ്ടാക്കുന്നത് ചിലരുടെ ഹോബിയായി മാറിയിട്ടുണ്ട്. പല പെൺകുട്ടികളുടെയും പേരിലാണ് പുരുഷന്മാർ പ്രൊഫൈൽ നിർമ്മിക്കുന്നത്. പെൺകുട്ടികളെ വലവീശി പിടിക്കുകയാണ് മിക്കവരുടെയും ഉദ്ദേശ്യം. പരിചയമില്ലാത്ത ഫ്രണ്ട്സ് റിക്വസ്റ്റുകൾ അവഗണിക്കണം.

സൈബർ കുറ്റകൃത്യങ്ങൾ നമ്മുടെ നാട്ടിൽ പെരുകി വരുന്നു. ഓരോ വർഷവും സൈബർ കുറ്റകൃത്യങ്ങളുടെ വൻ വർധനവാണ് നമ്മുടെ കൊച്ചുകേരളത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നത്.

**മൊബൈൽ ഫോണും ഇന്റർനെറ്റും ഉപയോഗിക്കുന്നവർ, വിശിഷ്യ കുട്ടികൾ ശ്രദ്ധിക്കുവാൻ പോലിസിന്റെ മാർഗ നിർദേശങ്ങൾ:-**

- അപരിചിതർക്കു ഫോൺ നമ്പർ കൈമാറരുത്.
- സ്വന്തം മൊബൈൽ നമ്പർ ഇന്റർനെറ്റിൽ പ്രദർശിപ്പിക്കരുത്.
- മിസ്ഡ്കോളുകളോടും അനാവശ്യകോളുകളോടും പ്രതികരിക്കരുത്.
- അശ്ലീല വെബ്സെറ്റുകൾ സന്ദർശിക്കരുത്.
- മൊബൈൽ ഫോണിൽ അശ്ലീല ചിത്രങ്ങളും, വീഡിയോ ക്ലിപ്പിംഗുകളും കാണുകയോ, സൂക്ഷിക്കുകയോ ചെയ്യരുത്.





നിങ്ങളുടെ ദൈവശാസ്ത്രപരവും ബൈബിൾപരവുമായ സംശയങ്ങൾക്ക് പ്രശസ്ത ദൈവശാസ്ത്രജ്ഞനും ബൈബിൾ പണ്ഡിതനുമായ ബഹു. മല്പാൻ മാത്യു വെള്ളാനിക്കൽ അച്ചൻ ഉത്തരം നല്കുന്നു.

ചോദ്യങ്ങൾ അയയ്ക്കേണ്ട വിലാസം: **എഡിറ്റർ, പ്രതീക്ഷയുടെ പൂമൊട്ടുകൾ, സ്പിരിച്ചാലിറ്റി സെന്റർ, മാങ്ങാനം പി. ഒ., കോട്ടയം-686 018**

# ക്ഷമിക്കപ്പെടാത്ത പാപമോ?

"സർവപാപവും ദൈവദൂഷണവും മനുഷ്യരോടു ക്ഷമിക്കപ്പെടും; എന്നാൽ, ആത്മാവിനെതിരായ ദൂഷണം ക്ഷമിക്കപ്പെടുകയില്ല. മനുഷ്യപുത്രനെതിരായി സംസാരിക്കുന്നവനു മാപ്പു ലഭിക്കും; പരിശുദ്ധാത്മാവിനെതിരായി സംസാരിക്കുന്നവനു മാപ്പു ലഭിക്കുകയില്ല" (മത്താ 12,31-32) എന്ന ഈശോയുടെ വാക്കുകൾ എങ്ങനെ മനസ്സിലാക്കണം? സർവപാപവും മോചിക്കാൻ കഴിവുള്ളവനല്ലേ ദൈവം?


**അനു ഫ്രാൻസിസ്, ഡൽഹി**

ഈ പ്രസ്താവന ദൈവശാസ്ത്രപരമായ കാഴ്ചപ്പാടിൽ ചിന്താക്കുഴപ്പം സൃഷ്ടിക്കുന്ന ഒന്നാണ്. കാരണം, മരണംവരെ മാനസാന്തരത്തിനും പാപമോചനത്തിനും സാധ്യതയുണ്ട് എന്നാണ് ക്രിസ്തീയവിശ്വാസം നമ്മെ പഠിപ്പിക്കുന്നത്. മാനസാന്തരത്തിലേക്കു ക്ഷണിക്കുന്ന സന്ദേശം മിശിഹായുടെ പ്രസംഗത്തിലും പ്രവർത്തനത്തിലും വളരെ വ്യക്തമായിരുന്നുതാനും. ഈ പ്രസ്താവനയുടെ ആദ്യഭാഗം ഈശോയുടെ പഠനങ്ങളുമായി വളരെ പൊരുത്തപ്പെട്ടുപോകുന്നുണ്ട്. ഒരു പാപവും മോചനത്തിനതീതമല്ല. "അവിടുത്തെ പുത്രനായ ഈശോയുടെ രക്തം എല്ലാ പാപങ്ങളിൽനിന്നും നമ്മെ ശുദ്ധീകരിക്കുന്നു" എന്നാണല്ലോ വി.ഗ്രന്ഥം സാക്ഷ്യപ്പെടുത്തുന്നത് (1 യോഹ 1,7). രണ്ടാമത്തെ ഭാഗമാണ്, അതായത്, 'പരിശുദ്ധാത്മാവിന് എതിരായി ദൂഷണം പറയുന്നവന് ഒരു കാലത്തും പാപത്തിൽനിന്നു മോചനമില്ല' എന്നതാണ് പ്രശ്നമുളവാക്കുന്നത്.

ഈശോയുടെ അത്ഭുതപ്രവർത്തനങ്ങളെയും പ്രത്യേകമായി അവിടുത്തെ ഭൂതോച്ചാടനങ്ങളെയും യഹൂദപ്രമാണികൾ ദുർവ്യാഖ്യാനിച്ച പശ്ചാത്തലത്തിൽവേണം ഇതു മനസ്സിലാക്കാൻ. ഈശോയുടെ അത്ഭുതങ്ങളെ മന്ത്രവാദമായും, പിശാചുക്കളുടെ തലവനെക്കൊണ്ടാണ് പിശാചുക്കളെ ബഹിഷ്കരിക്കുന്നതെന്നും അവർ ആരോപിച്ചു. അവിടുത്തെ അത്ഭുതങ്ങൾക്കു പിന്നിൽ ദൈവാരൂപിയുടെ പ്രവർത്തനത്തെ കാണാൻ അവർ കൂട്ടാക്കിയില്ല. അവിടുന്നു പ്രവർത്തിച്ച അത്ഭുതങ്ങൾകണ്ട് ദൈവത്തെ സ്തുതിക്കുന്നതിനു പകരം അവർ ഈശോയെ പിശാചിന്റെ സേവകനെന്നു പറഞ്ഞു പരിഹസിച്ചു.

ഈശോയുടെ പ്രവർത്തനങ്ങളുടെ പിന്നിലുള്ള അരൂപിയുടെ പ്രവർത്തനത്തെ തങ്ങൾക്കു തിരിച്ചറിയാൻ സാധിക്കാതെപോയി എന്നുള്ളതാണ് യഹൂദപ്രമാണികൾക്കു സംഭവിച്ച തെറ്റ്. ദൈവാരൂപിയുടെ പ്രവർത്തനഫലമായാണ് മനുഷ്യനിൽ യഥാർത്ഥ പശ്ചാത്താപം ഉളവാകുക. പശ്ചാത്താപവും മാനസാന്തരവുമില്ലാതെ പാപം മോചിക്കപ്പെടുകയില്ല. അതുകൊണ്ട് അരൂപിയുടെ പ്രവർത്തനത്തിന് തടസ്സം സൃഷ്ടിക്കുന്നവരിൽ അനുതാപവും പാപമോചനവും ഉണ്ടാകുകയില്ല. ദൈവാരൂപിയുടെ ഈ പ്രവർത്തനത്തെ ദൈവശക്തികൾക്കെതിരായ പ്രവർത്തനമായി വ്യാഖ്യാനിക്കുകയാണെങ്കിൽ അത് അരൂപിക്കെതിരായ ദൂഷണമാണ്. ദൈവാരൂപിയുടെ പ്രവർത്തനത്തെ സാത്താന്റെ പ്രവർത്തനമായി വ്യാഖ്യാനിക്കുന്ന മനുഷ്യൻ നിത്യനാശത്തിലേക്കു സ്വയം നടന്നടുക്കുകയാണ്; ശിക്ഷ സ്വയം ഏറ്റുവാങ്ങുകയാണ്. ദൈവത്തെ ധിക്കരിച്ചുകൊണ്ട് രക്ഷപെടുക എന്നുള്ളത് അചിന്തനീയംതന്നെ. ദൈവാരൂപിക്കെതിരായ പാപത്തിന് ഈ ലോകത്തും പരലോകത്തും മോചനം ഇല്ലെന്നു പറയുന്നത് ഈയർത്ഥത്തിലാണ്.

# എന്റെ അപ്പച്ചനും അമ്മച്ചിയും വിശുദ്ധരാ...



ജിജി പുല്ലത്തിൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

**(വി. കൊച്ചുത്രേസ്യായുടെ മാതാപിതാക്കളായ സെലിഗ്വരിനും ലൂയിസ് മാർട്ടിനും)**

എന്റെ പ്രിയപ്പെട്ടവരേ...

അറിഞ്ഞോ... ഒക്ടോബറിലെ കുടുംബസിനഡിന്റെ അവസരത്തിൽ ഫ്രാൻസീസ് മാർപാപ്പാ എന്റെ അപ്പച്ചനെയും അമ്മച്ചിയെയും ഒരുമിച്ച് വിശുദ്ധരായി പ്രഖ്യാപിക്കാൻ പോവുകയാണ്. എല്ലാവരുടെയും സന്തോഷത്തിൽ പങ്കുചേരാൻ ഞാനും വരട്ടെ... എനിക്ക് ഇതുപോലെയൊരു അപ്പച്ചനെയും അമ്മച്ചിയെയും കിട്ടിയതുകൊണ്ടുമാത്രമാ... ഞാനിപ്പോൾ ഇങ്ങനെ നിങ്ങളോടൊപ്പമായിരിക്കുന്നത്...

വിവാഹജീവിതത്തിന്റെ, കുടുംബജീവിതത്തിന്റെ സൗന്ദര്യവും സന്തോഷവും ആവോളം ആസ്വദിച്ച്, ഈശോയുടെ ഇഷ്ടം നിറവേറ്റി ജീവിച്ചവരാണ് എന്റെ അപ്പനും അമ്മയും!!!

19-ാം നൂറ്റാണ്ടിന്റെ മധ്യകാലഘട്ടത്തിലായിരുന്നു എന്റെ അപ്പയുടെയും അമ്മച്ചിയുടെയും ജനനം.

എല്ലാക്കാര്യങ്ങളെയുംകുറിച്ച് ആഴമായി ചിന്തിച്ച് ആദർശജീവിതം നയിച്ച വ്യക്തിത്വത്തിനുടമയായിരുന്നു എന്റെ അപ്പച്ചൻ... നിശബ്ദതയോടൊപ്പം സാഹസികതയും അപ്പച്ചനിഷ്ടമായിരുന്നു. കണക്ക് അപ്പച്ചന് ഒരുപാട് ഇഷ്ടമായിരുന്നെങ്കിലും വായിക്കാനിഷ്ടപ്പെട്ടിരുന്നത് റൊമാന്റിക്ക് സാഹിത്യമായിരുന്നു. 22-ാമത്തെ വയസ്സിൽ വി. ബർണാർഡിന്റെ ആശ്രമത്തിൽ അംഗമാവുക എന്ന ആഗ്രഹത്തോടെ വീട്ടിൽ നിന്ന് ഇറങ്ങിപ്പുറപ്പെട്ടു. ജീവിതകാലം മുഴുവൻ ദൈവത്തെ സ്തുതിച്ചും അപകടത്തിലായ യാത്രക്കാരെ സഹായിച്ചും കഴിഞ്ഞിരുന്ന ആ സന്ന്യാസസമൂഹത്തിൽ ചേരുവാനായി അപ്പച്ചൻ അപേക്ഷ കൊടുത്തു.





അമ്മച്ചി കഠിനാദ്ധ്വാനിയായ, സൽഗുണസമ്പന്നയായ, സുന്ദരിയായ യുവതിയായിരുന്നു. 19-ാം വയസ്സിൽ സെന്റ് വിൻസെന്റ് ഡിപോളിന്റെ ഉപവിയുടെ മക്കൾ സന്ന്യാസസഭയിൽ ചേരുവാൻ അപേക്ഷ കൊടുത്തു. ഇരുവരുടെയും അപേക്ഷകൾ സന്ന്യാസസഭകൾ തള്ളി. അപ്പച്ചന്റെ ലാറ്റിനിലുള്ള പ്രാവീണ്യക്കുറവ് പ്രവേശനത്തിന് തടസ്സമായപ്പോൾ ദുർബലമായ ആരോഗ്യസ്ഥിതിയാണ് അമ്മച്ചിക്ക് വിഘാതമായത്.

അപ്പച്ചന്റെയും അമ്മച്ചിയുടെയും കണ്ടുമുട്ടൽ ദൈവമാണ് ഒരുക്കിയത്. അവിടുന്നു തന്നെയാണ് അവരുടെ അപേക്ഷ തള്ളിക്കളഞ്ഞത്, അവരെ യോജിപ്പിച്ചത് അവിടുത്തെ അനന്തമായ പരിപാലനാവൈഭവം!!! "അവർണ്ണനീയമായ ദാനത്തിന് അങ്ങേയ്ക്കു സ്തുതി" അല്ലാതെന്താ എനിക്കു പറയാനാവുക...

അപ്പച്ചനെ കണ്ടുമുട്ടിയതിനെപ്പറ്റി ഒരിക്കൽ അമ്മച്ചി ഞങ്ങളോട് പറഞ്ഞത് ഇപ്പോഴും ഓർക്കുന്നുണ്ട്. മാതാവ് എന്നോടു പറഞ്ഞു: "... ഇപ്പോഴും ഇവനെയാണ് ഞാൻ നിനക്കായി ഒരുക്കിയിരിക്കുന്നത്..." അതെ, അപ്പച്ചനായി അമ്മച്ചിയെ ഒരുക്കി...!!! അമ്മച്ചിക്കായി അപ്പച്ചനെ ഒരുക്കി...!!! ഞങ്ങൾക്കായി അവരെ ഒരുക്കി...!!! കഠിനാദ്ധ്വാനത്തിന്റെയും ഞങ്ങളെ വളർത്തലിന്റെയും നാളുകളായിരുന്നു പിന്നീടങ്ങോട്ട്. പതിമൂന്നുവർഷത്തിനിടയിൽ ഞങ്ങൾ ഒമ്പതുപേർ...!!! ഒരുവയസ്സിൽ താഴെ പ്രായമുള്ളപ്പോൾ രണ്ടാൺകുട്ടികളും ഒരു പെൺകുട്ടിയും ദൈവസന്നിധിയിലേക്ക് യാത്രയായി. അഞ്ച് വയസ്സ് പ്രായമുണ്ടായിരുന്ന സമയത്ത് മറ്റൊരു പെൺകുട്ടിയും മരിച്ചു. അവശേഷിച്ച ഞങ്ങൾ അഞ്ചുപേർ...!! അഞ്ചുപേരും കന്യാസ്ത്രീകളായി.

ഇന്നും ധാരാളം കുഞ്ഞുങ്ങൾ പ്രായമെത്താതെ മരിക്കുന്നുണ്ട്. മക്കളുടെ മരണം കാണേണ്ടിവരുന്ന മാതാപിതാക്കളുടെ ദുഃഖത്തോളം വേദനാജനകമായി മറ്റൊന്നില്ല... നമുക്കരികിൽ...നമ്മുടെ ബന്ധുക്കൾ... നമ്മുടെ പ്രിയപ്പെട്ടവർ...!!! ഈ നാളുകളിൽ എത്രയെത്ര കുരുന്നുജീവിതങ്ങൾ പൊലിഞ്ഞു!!!



എന്നാൽ മക്കൾ ദൈവദാനമാണെന്ന ബോധ്യമുണ്ടായിരുന്ന എന്റെ അപ്പയേയും അമ്മച്ചിയേയും ഈ മരണങ്ങൾ തളർത്തിയില്ല. മരിച്ചുപോയ മക്കളെപ്പറ്റി എന്റെ അമ്മ എഴുതി "അവർക്കായി അനുഭവിച്ച വേദനയും ത്യാഗവും വൃഥാവിലായി എന്ന് ഞാൻ ഒരിക്കലും വിചാരിക്കുന്നില്ല. അവർ ഇന്ന് സ്വർഗ്ഗത്തിൽ സന്തോ

ഷത്തോടെ ആയിരിക്കുന്നു. അവരെ എനിക്ക് എന്നന്നേക്കുമായി നഷ്ടപ്പെട്ടിട്ടില്ല. കുറച്ച് കാലത്തെ ഈ ജിവിതത്തിനുശേഷം ഞാൻ അവരോടൊപ്പം സ്വർഗ്ഗത്തിൽ വീണ്ടും ചേരും.”

അമ്മച്ചി എഴുതിയത് അമ്മച്ചിയുടെ ജീവിതത്തിൽനിന്നാണ്. അമ്മച്ചിയുടെ വിശ്വാസം അത്രയ്ക്കും വലുതായിരുന്നു. അമ്മച്ചി വിശ്വസിച്ചതുപോലെ സംഭവിച്ചു. ഇപ്പോൾ ഞങ്ങളെല്ലാവരും ഒരുമിച്ച് സ്വർഗ്ഗീയ കുടുംബത്തിലാണ്, നിത്യമായ ആനന്ദമാണ് ഞങ്ങളനുഭവിക്കുന്നത്.....

അമ്മച്ചി എപ്പോഴും ഞങ്ങളോടു പറയുമായിരുന്നു “നിങ്ങളുടെ അമ്മ എന്ന നിലയിൽ വിശുദ്ധരാകുവാൻ സഹായിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്വം.” 45-ാമത്തെ വയസ്സിൽ ബ്രെസ്റ്റ് ക്യാൻസർ ബാധിതയായി എന്റെ അമ്മച്ചി എന്നെ വേർപിരിയുമ്പോൾ എനിക്ക് നാലരവയസ്സ്!!!

എന്നെ ഞാനാക്കിയത്, ചെറിയ കാര്യങ്ങൾപോലും വലിയ സ്നേഹത്തോടെ ചെയ്യുവാൻ എനിക്ക് പരിശീലനം ലഭിച്ച എന്റെ കുടുംബത്തിൽ നിന്നായിരുന്നു.

ഞങ്ങളെല്ലാവരും കോൺവെന്റിൽ ചേർന്നപ്പോൾ അപ്പച്ചൻ തനിച്ചായി...!!! ഇന്നുള്ള മാതാപിതാക്കളെപ്പോലെ എന്റെ അപ്പച്ചൻ ഞങ്ങളുടെ ദൈവവിളികളെ തളർത്തിയില്ല... പ്രത്യുത, ദാനമായി സ്വീകരിച്ചത് സന്തോഷത്തോടെ ദാതാവിനു നല്കി... *ചങ്കോടു ചേർത്തുപിടിച്ചവരെ, ചങ്കുപൊട്ടുന്ന വേദനയോടെ, എന്നാൽ ചങ്കുറ്റത്തോടെ ചങ്കു പിളർന്നു സ്നേഹിച്ചവനു നല്കി...!!!*

ഒന്നിനുപുറകെ ഒന്നായി രണ്ടുതവണ അദ്ദേഹത്തിനു സ്ട്രോക്ക് വന്നു!! മാനസികവും ശാരീരികവുമായ ബുദ്ധിമുട്ടുകൾ അദ്ദേഹത്തെ തളർത്തി...

ഓർമ്മ നഷ്ടപ്പെട്ടു... മാനസികരോഗിയായി...!!! മാനസിക രോഗത്തിന് മൂന്നുവർഷം ചികിത്സിച്ചു...!!! ഈ കാലങ്ങളിലും സുബോധം വീണ്ടുകിട്ടുന്ന നിമിഷങ്ങളിലൊക്കെ അപ്പച്ചൻ ഇങ്ങനെ പ്രാർത്ഥിച്ചു...“കർത്താവേ, എല്ലാം നിന്റെ മഹത്ത്വത്തിനായി സമർപ്പിക്കുന്നു”.

അതേ... ഈ അപ്പച്ചന്റെയും അമ്മച്ചിയെയും മടിയിലിരുന്നാണ് സ്വർഗ്ഗീയ അപ്പച്ചന്റെ സ്നേഹം ഞങ്ങൾ ആവോളം ആസ്വദിച്ചത്... ഇന്നത്തേതുപോലെ അന്നും ലൗകികതയുടെ ചതിക്കുഴികൾ ഉണ്ടായിരുന്നു... അപ്പച്ചന്റെയും അമ്മച്ചിയുടെയും അതീവശ്രദ്ധയും ആത്മീയതയിൽ നിറഞ്ഞ പരിശീലനവുമായിരുന്നു “Satan Siteൽ”നിന്നും "Saints Site"ലേക്ക് ഞങ്ങളെ നയിച്ചത്.

ഫ്രാൻസീസ് മാർപാപ്പാ പറഞ്ഞു: “പ്രിയപ്പെട്ടവരേ, മുന്തിരിവള്ളിയുടെ ശാഖകൾ തായ്ത്തണ്ടിനോട് ചേർന്നുനില്ക്കുന്നതുപോലെ ഈശോയുടെ സ്നേഹത്തിൽ ജീവിച്ചതുകൊണ്ടാണ് വിശുദ്ധരുടെ ജീവിതം ഫലം നല്കിയത്. അതാണ് അവരുടെ ജീവിതരഹസ്യം.” എന്റെ അപ്പച്ചന്റെയും അമ്മച്ചിയുടെയും ജീവിതരഹസ്യം ഇതുതന്നെയായിരുന്നു... അതു ഞാനനുഭവിച്ചതാ...

ഞങ്ങളൊന്നു ചേർന്ന് എല്ലാവർക്കും വേണ്ടി പ്രാർത്ഥിക്കുന്നു...

വിശുദ്ധരാകാൻ...

വിശുദ്ധിയിൽ വളരാൻ...

വിശുദ്ധ ലോകം പടുത്തുയർത്താൻ...

പരിശുദ്ധ സ്നേഹത്തോടെ

വിശുദ്ധമായ ആശംസകളോടെ

നിങ്ങളുടെ സ്വന്തം കൊച്ചുത്രേസ്യാ.







# പരി. കന്യകാമറിയം സ്വർഗപ്രഭയിൽ

ജെയ്നമ്മ ചെമ്പനാനിക്കൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

“നാരീവംശ വിഭൂഷണമാകും
ധന്യേ നാഥൻ നിന്നൊടുകൂടെ
കൂരിരുൾ മന്നിൽ നിന്നുമകറ്റിയ
വാരൊളിദീപം നിന്നിലുദിച്ചു
മണ്ണും വിണ്ണുമിണക്കും സ്വർണ്ണ-
ക്കണ്ണിയൊരുക്കി റൂഹാ നിന്നിൽ
തലമുറയെല്ലാമിടമുറിയാതെ
നിൻ സൗഭാഗ്യം കീർത്തിക്കുന്നു”
(കൈത്താക്കാലം, ബുധൻ - ലെലിയാ)

മാരിവില്ലിന്റെ നിറങ്ങളുടെ മുമ്പിലും ഒരു പുഷ്പത്തിന്റെ ദളങ്ങളുടെ മുമ്പിലും അതിശയത്താൽ നാം നിന്നുപോകുകയും ഉല്പത്തി പുസ്തകത്തിലെ പ്രസ്താവനയിലേക്ക് നമ്മുടെ മനസ്സ് തിരിച്ചു പോകുകയും ചെയ്യുന്നു: “ദൈവം എല്ലാം നല്ലതായി കണ്ടു” (ഉല്പ 1,10). ഇതേ മനോഭാവം പരി. മറിയത്തിന്റെ നേർക്കും നമുക്ക് ഉണ്ടാകേണ്ടേ? ദൈവം മറിയത്തിൽ സ്വാഭാവികവും അതിസ്വാഭാവികവുമായ നിരവധി ദാനങ്ങൾ നിറച്ചു. അമലോത്ഭവ, കൃപനിറഞ്ഞവൾ, കന്യക, ദൈവമാതാവ്, സ്വർഗാരോപിത എന്നിങ്ങനെ നിരവധി ദാനങ്ങൾ. പരി. മറിയത്തിന്റെ സ്വർഗാരോഹണത്തിരുനാൾ ആഘോഷിക്കുമ്പോൾ മറിയത്തെക്കുറിച്ച് വി. ഗ്രന്ഥം വെളിപ്പെടുത്തുന്ന യാഥാർത്ഥ്യങ്ങളുടെ ആഴത്തിലേക്ക് കടന്നു ചെല്ലാൻ നമുക്കു പരിശ്രമിക്കാം.

മറിയം എളിമ നിറഞ്ഞവളാണ്. അവളുടെ കന്യാത്വംകൊണ്ട് അവൾ ദൈവത്തെ പ്രീതിപ്പെടുത്തി എന്ന് വി. ഗ്രന്ഥം പറയുന്നുണ്ട്. എന്നാൽ അവൾ ദൈവമാതാവായി തീർന്നത് അവളുടെ എളിമകൊണ്ടാണ്. മാതാവിന്റെ കീർത്തനം എളിമയുടെ കീർത്തനമാണ്. സ്നേഹത്തിന്റെ മൃദുലമായ രംഗം... ദൈവവിളിയെക്കുറിച്ചുള്ള രഹസ്യാത്മകവും മാധുര്യമേറിയതുമായ സംഭാഷണത്തിലേർപ്പെട്ടുകൊണ്ടാണ് മാലാഖ മറിയത്തിന്റെ മുന്നിൽ പ്രത്യക്ഷപ്പെട്ട് ‘നന്മനിറഞ്ഞവളേ സ്വസ്തി! കർത്താവു നിന്നോടുകൂടെ’ (ലൂക്കാ 1,28) എന്നു പറഞ്ഞ് അവളിൽനിന്നു മറഞ്ഞത്. അതായത്, നിത്യവചനത്തിന്റെ മാതാവാകാനുള്ള മറിയത്തിന്റെ വിളി ദൈവപിതാവ് അവൾക്കു മനസ്സിലാക്കിക്കൊടുക്കുന്ന നിമിഷം. എന്നാൽ വിളി കൂടു

തൽ വ്യക്തവും തുറന്നതുമായിരുന്നു. അതുപോലെതന്നെ മറുപടിയും എളിമ നിറഞ്ഞതും എന്നാൽ അവബോധത്തോടുകൂടിയതും യാതൊരു നിബന്ധനകളുമില്ലാത്തതുമായിരുന്നു. ഇതാണ് മറിയത്തിന്റെ ദൈവവിളിയുടെ ചരിത്രം.

സഭാമക്കൾ കൈത്താക്കാലത്തിലൂടെ കടന്നുപോകുന്ന ഈ അവസരത്തിൽ നമുക്ക് സ്വർഗാരോപിതയായ മറിയമാകുന്ന നക്ഷത്രത്തെനോക്കി യാത്ര ചെയ്യാം. ബുദ്ധിമുട്ടേറിയതും കഠിനവും വശ്യത നിറഞ്ഞതുമായ നമ്മുടെ യാത്രയിൽ നമുക്കു നോക്കുവാനുള്ള സ്വർഗീയ നക്ഷത്രം മറിയമായിരിക്കട്ടെ. അവളുടെ പ്രകാശത്തിൽ നമ്മുടെ പ്രകാശമായ ഈശോയെ ദർശിക്കുവാൻ നമുക്കു പരിശ്രമിക്കാം. സഭയോടൊത്തു വളരുവാൻ, സഭയുടെ സാർവത്രികതയെ പുല്കുവാൻ ഈ നക്ഷത്രം നമ്മുടെ കാഴ്ചയെ വിശാലമാക്കും. നമ്മെ ചുറ്റിപ്പറ്റി നില്ക്കുന്ന സാഹചര്യങ്ങളിലും പ്രശ്നങ്ങളിലും പെട്ടെന്നു തിരിച്ചറിയാൻ സാധിക്കാത്ത പ്രതീക്ഷയുടെ അടയാളങ്ങളെ സ്വീകരിക്കുന്നതിന് പ്രാപ്തരാകുന്നതിനും മറിയമാകുന്ന നക്ഷത്രത്തെ നമുക്കു നോക്കാം.

പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥ്യത്തിനു നമ്മെ ഭരമേല്പിക്കാം. അവൾ മറ്റെല്ലാ മനുഷ്യസൃഷ്ടികളെക്കാളും ക്ഷമാശീലയാണ്. ക്ഷമാശീലനായ ഈശോയുടെ ഹൃദയത്തോട് എപ്പോഴും നമ്മെ കൂടുതൽ അനുരൂപപ്പെടുത്താൻ കഴിയുന്ന ക്ഷമ എന്ന പുണ്യത്തിന്റെ നമ്മിലെ സൂക്ഷിപ്പുകാരിയാണ് പരിശുദ്ധ കന്യക. നമ്മുടെ ഓരോ ദിവസത്തെയും ഭരിക്കുന്നത് ക്ഷമയായിരിക്കണം. വി. കൊച്ചുത്രേസ്യാ പറയുന്നതുപോലെ "ക്ഷമകൊണ്ട് എല്ലാത്തിലും വിജയം വരിക്കാൻ സാധിക്കും". ക്ഷമകൊണ്ട് ചെറുത്തു നില്പുകളെ വിജയിക്കുന്നു, അനീതിയെ വഹിക്കുന്നു. ക്ഷമകൊണ്ട് നമ്മുടെതന്നെ ദരിദ്രാവസ്ഥയെ, കഴിവില്ലായ്മയെ, ഉത്കണ്ഠകളെയെല്ലാം കർത്താവിനു കാഴ്ചയായി നല്കാൻ കഴിയുന്നു.

ഒരു ചുവടു മാറ്റിച്ചവിട്ടിക്കൊണ്ട് നമുക്കു നമ്മുടെ യാത്ര തുടരാം. അതിനായി പരിശുദ്ധ മറിയത്തോട് അപേക്ഷിക്കാം: "പരിശുദ്ധ മറിയമേ, ദൈവമാതാവേ, നിന്നോടൊപ്പം പ്രത്യാശിക്കുന്നതിനും വിശ്വസിക്കുന്നതിനും സ്നേഹിക്കുന്നതിനും ഞങ്ങളെ പഠിപ്പിക്കണമേ. അവിടുത്തെ രാജ്യത്തിലേക്കുള്ള വഴി ഞങ്ങൾക്കു തുറന്നു തരണമേ. സമുദ്രതാരമേ, ഞങ്ങളുടെമേൽ പ്രകാശിക്കുകയും ഞങ്ങളുടെ പാതയിൽ ഞങ്ങൾക്കു മാർഗദർശനം നല്കുകയും ചെയ്യണമേ" (പ്രത്യാശയിൽ രക്ഷ).

വിശുദ്ധിയുടെ മാതൃകയായ മറിയത്തിന്റെ വിമലഹൃദയമേ, വിശുദ്ധരാകാമെന്ന പ്രത്യാശ ഞങ്ങൾക്കു നല്കണമേ!

<u>കവിത</u>

## മടക്കയാത്ര

**ഐറിൻ ജോർജ്**

**മനസ്സിന്റെ ജാലകപ്പഴുതിലൂടിന്നു ഞാൻ**
**ഇന്നലെക്കടന്നതാം വഴികളെനോക്കവെ**
**അറിയുന്നു ഞാനെന്നെ കാത്തുപാലിച്ചയെൻ–**
**കനിവിന്റെ നാഥന്റെ കരുതും കരങ്ങളെ!**

**മിഴിപൂട്ടി ധ്യാനനിർലീനയായ് നിൽക്കവെ**
**മനക്കണ്ണിൽ തെളിയുന്നു ആർദ്രമാം നിൻരൂപം**
**ഞാൻ കാണാതെപോയതും പോയപോൽനടിച്ചതും**
**നിന്നെയായിരുന്നെന്നു തിരിച്ചറിയുന്നു ഞാൻ.**

**ബാല്യത്തിലുരുവിട്ടു മനഃപാഠമാക്കിയ**
**ജപമാലഭക്തിയും പ്രാർത്ഥനാമന്ത്രവും**
**നോമ്പിന്റെ ത്യാഗവും കുരിശിന്റെ വഴികളും**
**കൗമാര യൗവന വഴികളിൽ നഷ്ടമായ്**

**പിന്നിട്ടയെൻ വഴിത്താരയിൽ നേരിട്ട–**
**വിഘ്നങ്ങളിൽ എൻ ബാലിശവാക്കിൽ–**
**നോക്കിൽ, എൻചെയ്തിയിലെല്ലാറ്റിലും നിൻ**
**താങ്ങും തണലും തിരിച്ചറിയുന്നു ഞാൻ–**

**ശാസിച്ചും ശിക്ഷിച്ചും മാറത്തണച്ചും**
**കൈകളിൽ താങ്ങിയും തോളിൽ വഹിച്ചും**
**മാറോടണച്ചു നിൻ സ്നേഹം പകർന്നും**
**കാത്തുപാലിച്ച നിൻകരം തിരിച്ചറിഞ്ഞു ഞാൻ.**

**മാപ്പു ചോദിപ്പൂ ഞാൻ കൂപ്പും കരങ്ങളാൽ**
**പൊറുക്കുകെൻ പിഴകളെ വലിപ്പം നോക്കാതെന്നും**
**ശേഷിച്ച ജീവിതപാതയിൽ ഞാനെന്നും**
**പിരിയാത്ത നിന്നുടെ അനുഗാമിയായിടാം.**





# സെനക്കിൾ തരംഗം

### സന്ദേശം

മിശിഹായിൽ പ്രിയപ്പെട്ട വൈദികസഹോദരരേ,

ആരാധനക്രമവത്സരത്തിലെ കൈത്താക്കാലത്തിലേക്ക് നാം പ്രവേശിച്ചിരിക്കുകയാണല്ലോ. 'കൈത്താ' എന്ന വാക്കിന്റെ അർത്ഥം 'വേനൽ' എന്നാണ്. വേനൽ വിളവെടുപ്പിന്റെയും ഫലശേഖരണത്തിന്റെയും കാലമാണ്. ശ്ലീഹന്മാരുടെ സുവിശേഷപ്രഘോഷണത്തിന്റെ ഫലമായി ലോകത്തിന്റെ നാനാഭാഗങ്ങളിൽ രൂപംകൊണ്ട സഭയുടെ വളർച്ചയുടെ കാലമായിട്ടാണ് കൈത്താക്കാലം പരിഗണിക്കപ്പെടുന്നത്. മിശിഹായിലുള്ള വിശ്വാസജീവിതം ആവശ്യം സഭാത്മകമാണെന്ന യാഥാർത്ഥ്യത്തിന് ഈ കാലഘട്ടത്തിൽ നാം പ്രാധാന്യം കൊടുക്കണം. സഭാകൂട്ടായ്മയോടു കൂറുപുലർത്താതെ ക്രിസ്തീയജീവിതം നയിക്കാനുള്ള പ്രവണത ഇന്നു വർദ്ധിച്ചുവരികയാണ്. പല ആദ്ധ്യാത്മിക നവീകരണപ്രസ്ഥാനങ്ങൾപോലും ഈ പ്രവണതയെ വർദ്ധിപ്പിക്കുന്നവയാണ്. ഇതിനെതിരേ നാം ജാഗ്രത പുലർത്തേണ്ടതുണ്ട്. ക്രിസ്തീയജീവിതം അവശ്യം സഭാത്മകമാണ്. സഭയുടെ ശ്ലൈഹികമായ വിശ്വാസം സ്വാംശീകരിക്കുന്നതാണ് ക്രിസ്തീയജീവിതം. സഭയുടെ ശ്ലൈഹികമായ മിശിഹാനുഭവത്തിൽ പങ്കുചേരുന്ന ജീവിതമാണ് ക്രിസ്തീയജീവിതം. സഭാത്മകമായ മിശിഹാരഹസ്യത്തിന്റെ പരികർമ്മികളാണ് പുരോഹിതർ. സഭയുടെ ശുശ്രൂഷകരെന്ന നിലയിൽ ഈ സഭാത്മകബോധമുള്ളവരായി ജീവിക്കുവാനും ഈ സഭാത്മകബോധമുള്ള സമൂഹങ്ങളായി നമ്മുടെ ഇടവകകളെ പടുത്തുയർത്തുവാനും ഈ കൈത്താക്കാലം നമുക്കു പ്രചോദനമരുളട്ടെ.

**മല്പാൻ ഫാദർ മാത്യു വെള്ളാനിക്കൽ**

**ജനറൽ മേജർ ഫാദർ**

### വാർത്തകൾ

റോമിൽവച്ച് ജൂൺ 22-24 തീയതികളിൽ നടക്കുന്ന ജനറൽ കൗൺസിൽ മീറ്റിംഗിലും 27-ാം തീയതി നടക്കുന്ന ഫെഡറേഷൻ മീറ്റിംഗിലും സംബന്ധിക്കുന്നതിന് ജനറൽ മേജർ ഫാദർ ബഹു. മാത്യു വെള്ളാനിക്കലച്ചൻ 20-ാം തീയതി റോമിലേക്കു പോകും. ജനറൽ കൗൺസിൽ മീറ്റിംഗിൽ പ്രത്യേകം ചർച്ചാവിഷയമായി നിശ്ചയിച്ചിരിക്കുന്നത് സമർപ്പിതവർഷാചരണമാണ്. അപ്പസ്തോലിക് സൊദാലെസ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടിനെ സംബന്ധിച്ചിടത്തോളം ഈ സമർപ്പിതവർഷം എങ്ങനെയാണ് ആചരിക്കേണ്ടത് എന്നതിനെ സംബന്ധിച്ച് പ്രായോഗിക തീരുമാനങ്ങൾ എടുക്കേണ്ടതായിട്ടുണ്ട്. ഫെഡറേഷൻ മീറ്റിംഗിലെ പ്രധാന ചർച്ചാവിഷയം പ്രോസാങ്ടിറ്റി മൂവ്മെന്റിന്റെ അന്തർദ്ദേശീയ ഘടനയും പ്രവർത്തനവുമാണ്. ചർച്ചകളെല്ലാം ഫലപ്രദമാകുവാനും ക്രിയാത്മകമായ തീരുമാനങ്ങൾ എടുക്കുവാനും എല്ലാവരുടെയും പ്രാർത്ഥനകൾ പ്രതീക്ഷിക്കുന്നു. മീറ്റിംഗുകളിൽ സംബന്ധിക്കുന്നതിനു പുറമേ ബഹു. ജനറാളച്ചൻ ഇറ്റലിയിലെ സൊദാലെസ് അച്ചന്മാരെയും ആസ്പിരന്റ്സ് അച്ചന്മാരെയും സന്ദർശിക്കുകയും ചെയ്യും. ജൂലൈ 2-ാം തീയതി അദ്ദേഹം തിരിച്ച് ഇന്ത്യയിലെത്തും.

-സെനക്കിൾ വൈദികകൂട്ടായ്മയിൽ പങ്കുചേരുവാൻ താല്പര്യമുള്ളവർ, *സെനക്കിൾ തരംഗം, സ്പിരിച്ച്വാലിറ്റി സെന്റർ, മാങ്ങാനം പി.ഒ., കോട്ടയം-686 018* എന്ന വിലാസത്തിൽ ബന്ധപ്പെടുക.

പ്രതീക്ഷയുടെ പൂമൊട്ടുകൾ

വിചാരണ

# മരണം ആഘോഷിക്കുന്നവർ

ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ

ഞങ്ങളുടെ അമ്മച്ചീടെ മരിച്ചടക്ക് ഇത്രയും വലിയൊരു വിജയമാക്കിത്തീർക്കുന്നതിന് സഹകരിച്ച എല്ലാവർക്കും നന്ദി . അമ്മയുടെ മൃതസംസ്കാരം കഴിഞ്ഞ്, അല്പം രാഷ്ട്രീയ പ്രവർത്തനവും സാമൂഹികപ്രവർത്തനവുമൊക്കെയുള്ള മകൻ സിമിത്തേരിയിൽവച്ച് മൈക്കിലൂടെ നടത്തിയ നന്ദി പ്രകാശനത്തിന്റെ ആദ്യവാചകമാണ് മുകളിൽ കുറിച്ചത്. ഒരു മെത്രാനും ഇഷ്ടംപോലെ അച്ചന്മാരും കന്യാസ്ത്രീകളും രാഷ്ട്രീയനേതാക്കളും സഹപ്രവർത്തകരും പിന്നെ നാട്ടുകാരുമൊക്കെ പങ്കെടുത്ത് വിജയിപ്പിച്ച അമ്മയുടെ മരിച്ചടക്കിന്റെ ആവേശത്തിൽ മകൻ പറഞ്ഞ ഈ വാക്കുകൾ ഇന്നത്തെ മരണാനന്തര കർമ്മങ്ങളുടെ അവസ്ഥയെക്കുറിച്ച് ചിന്തിക്കുവാൻ നല്ലൊരു ആമുഖമാണെന്നു തോന്നുന്നു. ഒരു പണീം ഇല്ലാതിരുന്നപ്പോഴാണ് പേരപ്പായി മരിച്ചത്. പിന്നെ പന്തലായി, മൈക്കായി, കട്ടൻകാപ്പിയായി, അടക്കായി... അങ്ങനെ രണ്ടുദിവസം ജോളിയായിട്ടങ്ങ് അടിച്ചുപൊളിച്ചു. പണ്ടാരോ പറഞ്ഞുകേട്ടൊരു തമാശയാണിത്. എന്നാൽ ഇന്നിത് നിത്യവും കണ്ടുകൊണ്ടിരിക്കുന്ന ഒരു തമാശയായിത്തീർന്നിരിക്കുന്നു.

വിശ്വാസത്തിന്റെ കണ്ണുകൾകൊണ്ട് നോക്കിയാൽ മരണം ആഘോഷിക്കേണ്ട ഒരു അനുഭവം തന്നെയാണ്. കാരണം ഈ ഭൂമിയിലെ ജീവിതത്തിനർത്ഥം നല്കുന്ന യഥാർത്ഥജീവനിലേക്കുള്ള ആഘോഷപൂർവമായ പ്രവേശനമാണത്. എന്നാൽ മരണത്തോടനുബന്ധിച്ച് ഇന്നു നടക്കുന്ന വ്യത്യസ്തമായ ആഘോഷപരിപാടികൾ ഈ വിശ്വാസവുമായി യാതൊരു ബന്ധവുമില്ലാത്തതാണെന്ന് നമുക്കറിയാം. എല്ലാം ആഘോഷമാക്കുന്ന നമ്മെ സംബന്ധിച്ചിടത്തോളം മരണവും പലവിധ പരിപാടികൾ സംഘടിപ്പിച്ച് സംഭവം ഒരാഘോഷമാക്കാനുള്ള അവസരം മാത്രം.

മരിച്ചടക്കിന്റെ കർമ്മങ്ങൾ കാർമ്മികനുംമറ്റുമുള്ളതുകൊണ്ട് വലിയ കുഴപ്പമൊന്നുമില്ലാതെ നടന്നുകൊള്ളും. ചിലർ ദുഃഖമകറ്റാനുള്ള പാനീയത്തിൽമുങ്ങി കുറച്ചു ബഹളമൊക്കെവെച്ച് കർമ്മങ്ങളുടെ കാര്യസ്ഥപ്പണി ഏറ്റെടുക്കാൻ ശ്രമിക്കുമെന്നേയുള്ളു. അവരെയും, പിന്നെ നഗരത്തിലെ ഓട്ടോറിക്ഷകളെപ്പോലെ കാലിന്റെ ഇടയിൽക്കൂടിപ്പോലും നുഴഞ്ഞു കയറാൻ ശ്രമിക്കുന്ന ചില ഫോട്ടോഗ്രാഫർമാരെയും അല്പമൊന്നു നിയന്ത്രിച്ചാൽ അത് ശാന്തമായി തീർന്നുകൊള്ളും. എന്നാൽ അതിനുമുമ്പുള്ള ചില കാര്യങ്ങൾ നമ്മുടെ ചിന്തയ്ക്കു വിഷയമാക്കേണ്ടതുണ്ട്. ആദ്യം തന്നെ മരിച്ച വ്യക്തിയുടെ ഫോട്ടോകൾ പോസ്റ്ററും ഫ്ളക്സുമൊക്കെയായി, കാണുന്ന കലുങ്കിലും പോസ്റ്റിലും പിന്നെ വാഹനങ്ങളിലുമെല്ലാം ഒട്ടിച്ച് സംഭവം ആഘോഷമാക്കുന്ന ഒരു ശൈലി ഇന്നു വ്യാപകമായിരിക്കുകയാണ്. ഇതൊരനാവശ്യച്ചെലവാണെന്നു മാത്രമല്ല തികച്ചും അനുചിതമായ ഒരേർപ്പാടുമാണെന്ന് പറയാതെവയ്യ. നാടുനീളെ നിരത്തിയിരിക്കുന്ന അപ്പന്റെ ഫോട്ടോകളിൽ ചിലത് പശു തിന്നുന്നതും ചിലത് നാട്ടുകാർ ചവിട്ടിത്തേക്കുന്നതുമൊക്കെ മക്കളും പ്രിയപ്പെട്ടവരും കാണേണ്ടി വരും. ആദരാഞ്ജലികളർപ്പിക്കാൻ ഇതിലും മനോഹരമായ എത്രയോ മാർഗങ്ങൾ വേറെയുണ്ട്.

മറ്റൊരു പ്രധാനപ്പെട്ട പ്രശ്നമാണ് മരിച്ച വീട്ടിലെ മൈക്കിന്റെ ഉപയോഗം. വീടിനകത്തും മുറ്റത്തുമുള്ളവർക്ക് പ്രാർത്ഥനകൾ കേൾക്കുന്നതിന് ആവശ്യമെങ്കിൽ മൈക്ക് ഉപയോഗിക്കുന്നത് ന്യായമാണ്. എന്നാൽ രാത്രിയിലുടനീളം ഒരു കരക്കാരെമുഴുവൻ ശല്യപ്പെടുത്തുന്ന സ്വരത്തിൽ മൈക്ക് ഉപയോഗിക്കുന്നതുകൊണ്ട് നമുക്കൊരാഘോഷമാകുമെന്നല്ലാതെ മരിച്ചയാളുടെ ആത്മാവിന് എന്തെങ്കിലും ഗുണമുണ്ടാകുമോ? നമ്മുടെ വീട്ടിലെ മരണം നാട്ടുകാർക്ക് ഒരു പാരയായി മാറുന്നത് ഏതായാലും ഉചിതമല്ല.

മരിച്ച വ്യക്തിയോടുള്ള സ്നേഹം പ്രകടിപ്പിക്കാനും ആ കുടുംബത്തിന്റെ സങ്കടത്തിലും പ്രതിസന്ധിയിലും നാം കൂടെയുണ്ടെന്ന് അവരെ ബോദ്ധ്യപ്പെടുത്താനും മരണവീട്ടിൽ ഒരുമിച്ചുകൂടി അവരോടൊപ്പം പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്ന ഒരു നല്ല ശൈലി നമ്മുടെ നാടിന്റെ സംസ്കാരത്തിലുണ്ടായിരുന്നു. എന്നാൽ അതിന് രൂപാന്തരം പ്രാപിച്ച് തികച്ചും വൃത്തികെട്ടൊരു സംസ്കാരമായി മാറിയിട്ടുണ്ട്. മരണംനടന്ന വീടിന്റെ മുറ്റത്തൊരുമൂലയ്ക്ക് കൂട്ടംകൂടിയിരുന്ന് അവിടെ കിട്ടുന്ന കടുംകാപ്പിയും കുടിച്ച് വാട്സ് ആപ്പിൽ കിട്ടിയ കോമഡിപീസുകൾ കണ്ടാസ്വദിക്കുകയും പരിസരബോധമില്ലാതെ പൊട്ടിച്ചിരിക്കുകയുമൊക്കെ ചെയ്യുന്ന ഒരു ന്യൂജെൻ സ്റ്റൈൽ. മരിച്ചയാളുടെ പ്രിയപ്പെട്ടവരുടെ ഹൃദയവികാരങ്ങൾ അല്പംപോലും ഉൾക്കൊള്ളാതെ അവരുടെ മുമ്പിൽത്തന്നെ ഇത്തരം കോപ്രായങ്ങൾ കാട്ടുന്ന നമുക്ക് ഇതൊരാഘോഷം മാത്രം.

മരണം നടക്കുന്ന കുടുംബത്തെ സംബന്ധിച്ചിടത്തോളം അത് വലിയൊരനുഭവമാണ്. പ്രിയപ്പെട്ടവരുടെ വേർപാടിന്റെ വേദനയും നിരാശയും അതോടൊപ്പം വിശ്വാസത്തിന്റെ കണ്ണുകൾകൊണ്ട് ആ യാഥാർത്ഥ്യത്തെ ഉൾക്കൊണ്ട് ശാന്തമാകാനുള്ള തീവ്രമായ പരിശ്രമവുമെല്ലാം ചേർന്ന് കലുഷിതമായ ഒരനുഭവം. അതുകൊണ്ടുതന്നെ ബന്ധുക്കളുടെയും പ്രിയപ്പെട്ടവരുടെയും അയൽക്കാരുടെയുമൊക്കെ ആത്മാർത്ഥത നിറഞ്ഞ സാന്നിദ്ധ്യവും പ്രാർത്ഥനകളും ആ കുടുംബത്തിന് വലിയ കൈത്താങ്ങായി മാറും. അതു തിരിച്ചറിഞ്ഞ് നമ്മുടെ പ്രതികരണങ്ങളിൽ നാമറിയാതെ കടന്നുകൂടിയിരിക്കുന്ന കുറവുകൾ തിരുത്തുവാനും വിശ്വാസത്തിന്റെ വലിയ ആഘോഷമായി മരണമെന്ന അനുഭവത്തെ ഉൾക്കൊള്ളാൻ ആ കുടുംബത്തെ സഹായിക്കുന്നതിന് ഉചിതമായ നടപടികളിലൂടെ കൂടെ നില്ക്കാനും നമുക്കു കഴിയട്ടെ.

### കൈത്താക്കാലം

മിശിഹായ്ക്കുവേണ്ടി, സഭയ്ക്കുവേണ്ടി, എല്ലാ ബുദ്ധിമുട്ടുകളെയും തൃണവൽക്കരിച്ചുകൊണ്ട് മരണംവരെ പോരാടി ശ്ലീഹന്മാർ വിജയംവരിച്ചു. വിശ്വാസജീവിതത്തിൽ അനുദിനം നേരിടുന്ന പ്രതിസന്ധികളെ നേരിട്ടുകൊണ്ട് അഭിമാനത്തോടെ മിശിഹായ്ക്കു സാക്ഷ്യംവഹിക്കുവാൻ നാം തയ്യാറാണോ എന്ന് ആത്മപരിശോധന ചെയ്യേണ്ടിയിരിക്കുന്നു. യഥാർത്ഥ മിശിഹാനുഭവത്തിൽ വളർന്നിട്ടുണ്ടെങ്കിൽ മാത്രമേ ഇത് സാധിക്കൂ.



# അമ്മയോടൊപ്പം അനുഗ്രഹവഴിയേ

ജ്യോതി കരിയിലക്കുളം
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

*ഒന്നാം ദിവ്യരഹസ്യം:* **പെസഹാ തിരുനാളിന് ജറുസലേമിലേക്ക് പോകുന്ന ഈശോയെയും മാതാവിനെയും യൗസേപ്പിതാവിനെയും നമുക്കു ധ്യാനിക്കാം.**

മനുഷ്യന്റെ സുഖത്തിലും ദുഃഖത്തിലും ഒരുപോലെ സന്നിഹിതനാകുന്ന ഈശോയേ, എപ്പോഴും ഞങ്ങളോടു കൂടെയുള്ള നിന്നോടു ചേർന്നുനിൽക്കുവാനുള്ള അനുഗ്രഹത്തിനായി അമ്മയോടു ചേർന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു. 1 സ്വർഗ്ഗ, 10 നന്മ, 1 ത്രിത്വസ്തുതി.

*രണ്ടാം ദിവ്യരഹസ്യം:* **തിരുനാളിനുശേഷം മടങ്ങിവരവേ, ഈശോയെ കാണാതായെന്ന് തിരിച്ചറിയുമ്പോൾ പരി. അമ്മയും യൗസേപ്പിതാവും അനുഭവിച്ച ഹൃദയനൊമ്പരം നമുക്ക് ധ്യാനിക്കാം.**

ഈശോയേ, ഞങ്ങളുടെ ജീവിതവ്യഗ്രതയിൽ നിന്റെ സാന്നിധ്യം നഷ്ടപ്പെടുമ്പോൾ ഒരു വലിയ തിരിച്ചറിവും നിന്നിലേക്ക് തിരിച്ച് നടക്കുവാനുള്ള ഒരു വലിയ പ്രചോദനവും ഞങ്ങൾക്ക് ലഭിക്കുവാനായി അമ്മയോടു ചേർന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു. 1 സ്വർഗ്ഗ, 10 നന്മ, 1 ത്രിത്വസ്തുതി.

*മൂന്നാം ദിവ്യരഹസ്യം:* **മൂന്നാം ദിവസം ഈശോയെ ദൈവാലയത്തിൽ കണ്ടെത്തുമ്പോൾ മാതാവും യൗസേപ്പിതാവും അനുഭവിച്ച സന്തോഷം നമുക്കു ധ്യാനിക്കാം.**

ഈശോയേ, ഞങ്ങളുടെ യുവജനങ്ങളെയും കുഞ്ഞുങ്ങളെയും സമർപ്പിച്ച് പ്രാർത്ഥിക്കുന്നു. ലോകസുഖങ്ങളുടെ പിന്നാലെ ഓടിത്തളരുന്നവരാകാതെ, നിന്റെ തിരുമുമ്പിൽ കരംകൂപ്പി നിൽക്കുന്നവരായി ത്തീരുവാനായി അമ്മയോടു ചേർന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു. 1 സ്വർഗ്ഗ, 10 നന്മ, 1 ത്രിത്വസ്തുതി.

*നാലാം ദിവ്യരഹസ്യം:* **ദൈവാലയത്തിൽ വീണ്ടും ഈശോയെ കണ്ടെത്തുമ്പോൾ പരി.അമ്മ ഈശോയോട് ചോദിച്ച വാക്കുകൾ നമുക്കു ധ്യാനിക്കാം.**

മകനേ, നീ ഞങ്ങളോട് ഇങ്ങനെ ചെയ്തതെന്തുകൊണ്ട്? നിന്റെ പിതാവും ഞാനും എത്ര ഉത്കണ്ഠയോടെ നിന്നെ അന്വേഷിക്കുകയായിരുന്നു?

ഈശോയേ, ജീവിതത്തിന്റെ കുറവുകളിൽ പരസ്പരം കുറ്റപ്പെടുത്താതെ ദൈവത്തോടും ദൈവം നല്കുന്നവരോടും ചേർന്നു നിൽക്കുവാനുള്ള കൃപയ്ക്കായി അമ്മയോടു ചേർന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു. 1 സ്വർഗ്ഗ, 10 നന്മ, 1 ത്രിത്വസ്തുതി.

*അഞ്ചാം ദിവ്യരഹസ്യം:* **ഈശോ പ്രായത്തിലും ജ്ഞാനത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു എന്ന് നമുക്ക് ധ്യാനിക്കാം.**

ഈശോയേ, പരി. അമ്മ ദൈവഹിതമനുസരിച്ച് വിശ്വസ്തതയോടെ നിന്നെ വളർത്തി. പരി. അമ്മേ, നിന്നെപ്പോലെ മനുഷ്യരുടെ മാത്രമല്ല ദൈവത്തിന്റെ പ്രീതിയിലും മക്കളെ വളർത്തുവാനുള്ള വ്യഗ്രത ഞങ്ങളിൽ നിറയുവാനായി പ്രാർത്ഥിക്കണമേ. 1 സ്വർഗ്ഗ, 10 നന്മ, 1 ത്രിത്വസ്തുതി.

**പ്രാർത്ഥിക്കാം.**

ഏറ്റവും പരിശുദ്ധയായ മാതാവേ, ദൈവഹിതമനുസരിച്ച് പ്രവർത്തിച്ചതുമൂലം സകലതലമുറകളാലും ഭാഗ്യവതി എന്ന് പുകഴ്ത്തപ്പെട്ട ഞങ്ങളുടെ അമ്മേ, നിന്റെ മക്കൾ ഇതാ തിരുമുമ്പിൽ നിൽക്കുന്നു. എല്ലാം ഹൃദയത്തിൽ സംഗ്രഹിച്ച നിന്നെപ്പോലെ ജീവിതത്തിലെ നൊമ്പരങ്ങളിലും സന്തോഷങ്ങളിലും നിന്റെ പുത്രനോട് ചേർന്നുനിൽക്കുവാനുള്ള കൃപയ്ക്കായി അമ്മേ, നീ പ്രാർത്ഥിക്കണമേ. ആമേൻ.





വിശുദ്ധിയുടെ മാതൃകയായ മറിയത്തിന്റെ വിമലഹൃദയമേ
വിശുദ്ധരാകാമെന്ന പ്രത്യാശ ഞങ്ങൾക്ക് നല്കണമേ

## Spirituality Centre Programme

### July

| | |
|---|---|
| 11 | Social Animators & School of Bible |
| 14 | Bible Study Forum |
| 14-15 | Cenacle Gathering (Sodales&Aspirants) |
| 18 | Recollection for Oblates |

### August

| | |
|---|---|
| 8 | Social Animators & School of Bible |
| 11 | Bible Study Forum |
| 11-12 | Cenacle Gathering (Sodales&Aspirants) |
| 15 | Recollection for Oblates |

RNI: KERMAL 15541/11/1/2014-TC
Reg. No: KERMAL/2014/59983

Pratheekshayude Poomottukal
(Malayalam Monthly)
Published: June 2015

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

“നന്മനിറഞ്ഞൊരു പാതയിലൂടെ
സത്യത്തിൻ തെരുവീഥിയിലൂടെ
ക്ഷമ, വിനയാദി തടങ്ങളിലൂടെ
വിശ്വാസത്തിൻ സരണിയിലൂടെ
സ്നേഹത്തിൻ ചുവടടികളിലൂടെ-
പ്പായുക നീ നിൻ ലക്ഷ്യം നേടാൻ”
(കൈത്താക്കാലം, ഞായർ-സപ്രാ)

Printed, Published & Owned by Annamma Kulathupurayidom, Apostolic Oblates, Manganam P.O., Kottayam - 686 018, Printed at WiGi Printers, Manganam P.O., Kottayam - 686 018, Ph: 0481-2570862, E-mail: wigipress@gmail.com and Published at Spirituality Centre, Manganam P.O., Kottayam - 686 018, Ph: 0481 2578192, E-mail: psmktm@gmailcom.
Editor: Fr. Mathew Vellanickal